
# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 34 ലക്കം നോമ്പ് ജനുവരി 2016 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



# പിതൃമൊഴി

ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ

നമുക്കു മറ്റുള്ളവർക്കു
വേണ്ടി ഒന്നും ചെയ്യുവാൻ
സാധിക്കുന്നില്ലെങ്കിലും
പ്രാർത്ഥനയാകുന്ന
ആയുധം നമ്മുടെ
കരങ്ങളിൽ നിന്നും
താഴെ വീഴാൻ
ഇടയാകരുത്.

വിശുദ്ധി ഒരു യാത്രയാണ്.
വിശ്വസ്തതയോടുകൂടിയ
ചുവടുവയ്പിലൂടെ
സഞ്ചരിച്ചാൽ മാത്രമേ
നാം ലക്ഷ്യത്തിൽ
എത്തിച്ചേരുകയുള്ളൂ.


പുരോഹിതാ, ലോകത്തിനു
യഥാർത്ഥ സമാധാനവും സന്തോഷവും
ശാന്തതയും നല്കുവാൻ നിനക്കു
സാധിക്കും. കാരണം നീ മാത്രമാണ്
അത് യഥാർത്ഥ ഉറവിടത്തിൽനിന്ന്,
ഏക ഉറവിടത്തിൽനിന്ന്
സ്വന്തമാക്കിയവൻ.

ഒത്തിരി അറിയുക
എന്നതല്ല നമ്മെ വിശുദ്ധരാക്കുക.
പ്രത്യുത ഒത്തിരി സ്നേഹിക്കുക
എന്നതാണ്.

പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

വാല്യം 34 നോമ്പ് ലക്കം ജനുവരി 2016


"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**



വാർഷിക വരിസംഖ്യ ₹ 100/-

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- അഗ്നിസ്നാനത്തിന്റെ നോമ്പ് 05
- ദിവ്യകാരുണ്യജീവിതം 08
- ഓർമ്മയാചരിക്കുന്ന ജീവിതം 08
- സമർപ്പിതജീവിതം ഒരു വീണ്ടുവിചാരം 10
- പ്രലോഭനങ്ങളുടെ പുത്തൻ കുപ്പായങ്ങൾ 12
- സെനക്കിൾ തരംഗം 15
- കുരിശിന്റെ തണലിൽ ഇത്തിരിനേരം 16
- വിശുദ്ധിയുടെ മുത്തുകൾക്ക് 18-19
- A Journey to Easter 20
- ദൈവം വിളിക്കുന്നു 22
- സ്വർഗ്ഗത്തിലേക്കുള്ള ഗോവണി 24
- സാങ്കേതിക വിദ്യയും ധാർമ്മിക മൂല്യങ്ങളും 28
- അനുഞ്ജനകൂദാശയിലെ കാരുണ്യസ്പർശം 31
- വിശുദ്ധരോടൊപ്പം 30
- നീ യഥാർത്ഥ വിശ്വാസിയോ? 32
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 34

എഡിറ്റോറിയൽ

# കുരിശിൽ വിരിയുന്ന കാരുണ്യം

അമ്പതു നോമ്പിന്റെ ദിനങ്ങളിലേക്ക് നാം പ്രവേശിക്കാനൊരുങ്ങുകയാണല്ലോ. നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാസഹനത്തിന്റെയും കുരിശുമരണത്തിന്റെയും ദീപ്തസ്മരണയിൽ ആർദ്രമാകുന്ന ഹൃദയം പശ്ചാത്താപത്തിന്റെയും ത്യാഗപ്രവൃത്തികളുടെയും ജീവിതനവീകരണത്തിന്റെയും പാതയിൽക്കൂടി ചരിക്കാനാഗ്രഹിക്കുന്ന ദിനങ്ങളാണത്. ഇരുളിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം വീശാനും സമാധാനത്തിന്റെ മാർഗത്തിലേക്ക് നമ്മുടെ പാദങ്ങളെ നയിക്കാനുംവേണ്ടി ഉയരത്തിൽനിന്നുള്ള ഉദയരശ്മി നമ്മെ സന്ദർശിച്ചത് ദൈവത്തിന്റെ കാരുണ്യാതിരേകം കൊണ്ടാണ് (ലൂക്കാ 1,78-79). ദൈവത്തിന്റെ വലിയ കാരുണ്യമാണ് ഈശോയുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ജീവിതംമുഴുവനിലൂടെയും കൂടെയുള്ളവരും കണ്ടുമുട്ടിയവരുമൊക്കെ അനുഭവിച്ചറിഞ്ഞത്. ആ കാരുണ്യത്തിന്റെ അത്യുച്ചിയാണ് കാൽവരിയിലെ കുരിശിൽ നാം കാണുന്നത്.

പാപം ചെയ്ത് തന്നിൽനിന്നകന്നുപോയ തന്റെ മക്കളെ ദൈവം തന്റെ അത്യധികമായ കരുണയും അവർണ്ണനീയവുമായ സ്നേഹവും മിഴിനീരായും ചുടുരക്തവുമായൊഴുക്കി കഴുകി വെടിപ്പാക്കിയതിന്റെ മഹനീയ ഓർമ്മകളാണ് പീഡാസഹനത്തിന്റെയും കുരിശുമരണത്തിന്റെയും ധ്യാനചിന്തകൾ നമ്മിൽ ഉണർത്തുന്നത്. ദൈവത്തിന്റെ എത്ര വലിയ കാരുണ്യമാണ് കുരിശിൽ നാം ദർശിക്കുന്നത്... മണ്ണായ മനുഷ്യമക്കൾക്കുവേണ്ടി മരിക്കുന്ന ദൈവപുത്രൻ! പാപബദ്ധനായ മനുഷ്യനേല്പിച്ച അസഹനീയമായ പീഡകൾ ഏറ്റുവാങ്ങി, ആകാശത്തിനു ഭൂമിക്കും മദ്ധ്യേ കുരിശിലുയർത്തപ്പെട്ട ഈശോയെ ധ്യാനിക്കുമ്പോൾ സങ്കീർത്തകന്റെ വാക്കുകൾ നമ്മുടെ ഉള്ളിലും നിറയണം: "കർത്താവേ, അങ്ങയുടെ കാരുണ്യം ആകാശത്തോളം എത്തുന്നു" (36,5).

ഈശോയുടെ പീഡാനുഭവമരണോത്ഥാനങ്ങൾ ഇന്നും കൗദാശികമായി ഓരോ ദിവസവും പരിശുദ്ധ കുർബാനയിൽ നാം അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നുണ്ട്. പരിശുദ്ധ കുർബാനയർപ്പണം വെറുമൊരു ചടങ്ങോ ഭക്തകൃത്യമോ ആയിത്തീരാതെ, അതിലൂടെ കരഗതമാകുന്ന രക്ഷയുടെ അനുഭവം -കാരുണ്യമായൊഴുകുന്ന ദൈവസ്നേഹത്തിന്റെ അനുഭവം- സ്വന്തമാക്കാൻ നമുക്കു ശ്രമിക്കാം. കുരിശിൽ വിരിയുന്ന ദൈവകാരുണ്യം സ്വീകരിക്കുകയും അത് നമ്മിലൂടെ മറ്റുള്ളവരിലേക്ക് പകരുകയും ചെയ്യാം.

ചീഫ് എഡിറ്റർ






# അഗ്നിസ്നാനത്തിന്റെ നോമ്പ്

**ബ്രദർ ആൽബിൻ പാറയിൽ O.Carm**
സെന്റ് തോമസ് അപ്പ. സെമിനാരി, വടവാതൂർ

തപസിന്റെയും സഹനത്തിന്റെയും ഉരുകുന്ന ചൂടിലേക്ക്, നോമ്പിന്റെ കാലത്തിലേക്ക് നാം വീണ്ടും പ്രവേശിക്കുകയാണ്. സ്വയം ചീകി മിനുക്കാനും ചിന്തേരിടാനും ഉള്ള കാലം. ആത്മനിയന്ത്രണത്തിന്റെയും അടക്കത്തിന്റെയും ഉലയിൽ പ്രലോഭനങ്ങളെയും അഭിലാഷങ്ങളെയും ഉരുക്കി ശരീരവും മനസ്സും ചിട്ടപ്പെടുത്താൻ പരിശ്രമിക്കുന്ന നാല്പതു നാളുകൾ...

നോമ്പിൽ ഒരു ശുദ്ധീകരണം ആവശ്യമാണ്. ഒരു അഗ്നിസ്നാനം. നമ്മുടെ ശീലങ്ങളും തഴക്കങ്ങളും അനുഭവങ്ങളും ചെയ്തികളും എല്ലാം കരിയിലകൾ പോലെ നമ്മെ മൂടുമ്പോൾ, നമ്മിലെ നന്മയുടെ പച്ചപ്പ് മറഞ്ഞുപോകുമ്പോൾ, നമുക്ക് നമ്മെത്തന്നെ നഷ്ടമാകുമ്പോൾ, ദൈവം അതിൽ തീയിടും. വിശുദ്ധിയിലേക്കുള്ള അഗ്നിസ്നാനത്തിനായി നമ്മുടെ ഉറക്കം കെടുത്തുന്ന ദൈവസ്നേഹാഗ്നി, ഒപ്പം കരുണയുടെ മഴയിൽ വീണ്ടും തളിർത്ത് പൂത്ത് ഫലങ്ങൾ നിറയാനുള്ള വിളിയും. ഈ നോമ്പുകാലത്ത് നമ്മിൽ ദൈവസ്നേഹാഗ്നി ജ്വലിക്കണം. അതിൽ ഞാനും എന്റെ ചുറ്റുപാടുകളും എരിയണം. അങ്ങനെ ജീവിതത്തിലെ കരിയിലകളും ഉണക്കക്കമ്പുകളും കത്തിക്കഴിയുമ്പോൾ ഉയിർപ്പിന്റെ മഹത്ത്വത്തിൽ നാം പുതിയ സൃഷ്ടിയാകും. അതിലേക്കുള്ള,




പുതുസൃഷ്ടിയാകുവാനുള്ള ഒരു വിളിയാണ് നോമ്പുകാലം.

നോമ്പ് എരിവും തീക്ഷ്ണതയും അഗ്നി സ്നാനവും ആവശ്യപ്പെടുന്ന കാലം. നോമ്പിന്റെ നൊമ്പരങ്ങൾ ഉള്ളിലെ കനലിൽ ദഹിപ്പിച്ചെടുക്കണം നാം. ആ അഗ്നിയിൽ നമ്മുടെ ബന്ധങ്ങൾ നാം കൂട്ടിയോജിപ്പിക്കണം. നോമ്പ് ബന്ധങ്ങളുടെ ഒന്നുചേരലാണ്. ദൈവവും ഞാനും സഹോദരങ്ങളുമായുള്ള ബന്ധത്തിന്റെ ഒന്നിച്ചുചേരൽ. ചങ്ങലയിലെ അകന്ന കണ്ണികൾ ചേർക്കാൻ തീ അനിവാര്യ മല്ലോ. അതുപോലെ ദൈവസ്നേഹാഗ്നിയിൽ നാം ബന്ധങ്ങളെ ശുദ്ധിചെയ്യണം. എന്റെ ഇഷ്ടാനിഷ്ടങ്ങളെ “പിതാവേ എന്റെ ഹിത മല്ല, നിന്റെ ഹിതം നിറവേറട്ടെ” (ലൂക്കാ 22:42). എന്ന പ്രാർത്ഥനയോടെ ദൈവത്തിന്റെ ഇഷ്ട ങ്ങളോട് ചേർക്കാനാവണം. ഉലഞ്ഞുപോയ സുഹൃത്ത്-കുടുംബബന്ധങ്ങൾ ഒന്നിച്ചു ചേർക്കാൻ നോമ്പിന്റെ ചൂട് നമുക്ക് കാരണമാ വണം. ഇവിടെ ഇന്ന് സ്വന്തം ഇഷ്ടങ്ങൾ മാത്രം തേടിനടക്കുമ്പോൾ എന്ത് ദൈവേഷ്ടം, എന്ത് സഹോദരസ്നേഹം? അനുദിനജീവിതത്തിലെ തീച്ചൂളകൾ ഒഴിവാക്കാൻ അനുയോജ്യമായ സ്ഥലങ്ങളിലെ തണുപ്പുതേടി നാം നടക്കു മ്പോൾ പോരാട്ടങ്ങൾ ഇല്ലാതാകുന്നു. ചൂടും വെളിച്ചവും ഇല്ലാതാകുന്നു. മരുഭൂമിയിലെ പ്രലോഭകൻ നിനക്ക് വഴികാട്ടിയാവുന്നു. പശ്ചാ ത്താപത്തിന്റെ, അനുതാപത്തിന്റെ അനുഭവം നിന്നിലുണ്ടാകണമെങ്കിൽ ഈ നോമ്പിൽ ക്രിസ്തുവിനോളം പോരാടി നിൽക്കാനുള്ള ബലം വേണം. ഉള്ളിൽ വിശുദ്ധിലേക്ക് കുതി ക്കാനുള്ള ത്വര ഉണ്ടാകണം. പഴയ അവസ്ഥ യിൽ നിന്നുള്ള പരിണാമത്തിൽ പാകപ്പെട ലിന്റെ പക്വതയുടെ നൊമ്പരച്ചൂടിലേക്ക് ഒരു എടുത്തുചാട്ടം വേണം. അതിനെയാണ് തപസ് എന്ന് വിളിക്കുന്നത്. കുശവന്റെ മൺപാത്രങ്ങ ളത്രേ നാം. നോമ്പിന്റെ ചൂടിൽ ചുട്ടെടുക്കപ്പെ ട്ടെങ്കിൽ മാത്രമേ അതിന് ശുദ്ധിയും ബലവും സഹനശക്തിയും ഉണ്ടാവൂ. വെറും ജലമായി ഒഴുകി നടക്കുന്ന നിന്നെ ശേഖരിച്ചുവയ്ക്കുക. എന്നിട്ട് കനിവിന്റെ നാഥന്റെ കരസ്പർശനത്തി നായി കാത്തിരിക്കുക. അവന്റെ ജ്വാലയുടെ കരുത്തിൽ നീ വീര്യമേറിയ വീഞ്ഞായി മാറും.

വായനയ്ക്കിടയിൽ തടഞ്ഞ വാക്കുകൾ: “ആകാശത്തിനും ഭൂമിക്കും മദ്ധ്യേ എല്ലാത്തല മുറകൾക്കും വേണ്ടി, വഴിയരികിൽ ഒരു മരച്ചി ല്ലയിൽ തൂങ്ങിക്കിടന്ന പൊതിച്ചോറായിരുന്നു, പാഥേയമായിരുന്നു ക്രിസ്തു എന്ന്”. ചോറാ കണമെങ്കിൽ അടുപ്പിലെ തീയിൽ കലത്തിലെ വെള്ളത്തിൽ വേകണം. പെസഹാവ്യാഴത്തിന്റെ കനൽ കെട്ടടങ്ങിയത് കാൽവരിയിലാണ്. എന്നാൽ അത് പാഥേയർക്കുള്ള ആഹാരമായി വിളമ്പിയത് ഉയിർപ്പിലാണ്. കാൽവരിയിൽ പാകപ്പെട്ട ആ നിവേദ്യം പിന്നീട് തിബേരിയ സിന്റെ തീരത്തും എമ്മാവൂസിന്റെ അകത്തള ങ്ങളിലും വച്ച് പകർന്ന് സഹോദരങ്ങൾക്കു നൽകിയപ്പോൾ ക്രിസ്തു വഴിയാഹാരമാവുക യായിരുന്നു. തപസിന്റെയും പ്രായശ്ചിത്ത ത്തിന്റെയും മുപ്പത്തിമൂന്ന് വർഷത്തെ പാകപ്പെ ടൽ ഇന്നും അവനെ ജീവിക്കുന്നവനാക്കി തീർത്തിരിക്കുന്നു, വി. കുർബാനയാകുന്ന പാഥേയമായി. കാൽവരിയുടെ കനലിൽ വെന്ത് തിബേരിയസിന്റെയും എമ്മാവൂസിന്റെയും വിശപ്പുകളിൽ ആ ജീവന്റെ വറ്റ് വച്ചുവിളമ്പുന്ന മിശിഹായുടെ നെഞ്ചിലെ കനൽ ഈ നോമ്പിൽ സ്വയം അപ്പമായി മാറാനുള്ള ഒരു പ്രലോഭനത്തിലേക്ക് നമ്മെ നയിക്കണം. നമ്മുടെ നെഞ്ചിലെ കനലിൽ സ്വയം പാകപ്പെട്ട് അപരനായി വിളമ്പാൻ നമുക്കാകണം.

നോമ്പിൽ നീ നിന്റെ ജാലകങ്ങൾ അട ച്ചിടുക. വിശാലമായ കാഴ്ചയിൽ നിന്നും ഉള്ളിലെ കാഴ്ചകളിലേക്ക് ചുരുങ്ങട്ടെ. അവിടെ സ്നേഹം കൊണ്ട് സ്വയം കനലായിത്തീർന്ന വനെ ധ്യാനിക്കുക. തിളക്കം നഷ്ടപ്പെട്ട, ചാരം




മൂടിയ ആ കനലിന് തിളക്കം നൽകുക. അതിലേക്ക് ജീവിതമാകുന്ന അപ്പം എടുത്തുവയ്ക്കുക. എല്ലാം ശുദ്ധിയാക്കുന്ന അഗ്നിയിൽ പാകപ്പെട്ടവരായി നാം മാറട്ടെ. എല്ലാം കത്തിയിട്ടും ഉള്ള് കത്താത്ത മുൾച്ചെടിയിലേക്ക് മോശ നടന്നടുത്തപ്പോൾ കേട്ട ഒരു സ്വരം "ഇതുവരെ കടന്നുവന്ന പാതകളിൽ നിന്റെ സന്തത സഹചാരിയായ ചെരുപ്പ് ഉപേക്ഷിക്കുക". നീയാകുന്ന നിന്റെ അനിവാര്യതകളെ ഉപേക്ഷിക്കുക. ഇനി അവന്റെ വചനങ്ങളാണ് നിന്റെ പാദുകം. അതിന്റെ ജ്വാലയാണ് നിന്റെ വിളക്കും പ്രകാശവും. ഒരു പുതിയൊരു സൃഷ്ടിയായി ഈ നോമ്പിൽ നാം മാറട്ടെ. നോമ്പിന്റെ തീക്ഷ്ണതയിൽ ഉള്ളിൽ നാഥൻ കൊളുത്തിയ നിത്യാഗ്നിയെ ജ്വലിപ്പിക്കണം. ആ ജ്വാലയിൽ ഉള്ളും ഉള്ളതും ദഹിക്കണം. നോമ്പ് പരിവർത്തനത്തിന്റെ, ഇല്ലാതായി പുതുസൃഷ്ടിയാകുന്നതിന്റെ അവസരമാകട്ടെ.

സ്വയം കനലായിതീർന്നവന്റെ ഓർമ്മയാണ് നോമ്പ്. മരുഭൂമിയിൽ എരിതീയിൽ സ്വയം പാകപ്പെട്ടവൻ, അന്ത്യത്താഴത്തിൽ സ്വയം ഇല്ലാതായവൻ. ആ ചൂടിൽ നിന്ന് ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്തവർ. മുപ്പതു വെള്ളിനാണയത്തിളക്കത്തിൽ ഉള്ളിലെ ക്രിസ്തുസ്നേഹജ്വാല മറന്നുപോയവനെ നാം ഓർക്കണം. ഒപ്പം ഒരു കല്ലേറുദൂരം മാറിയിരുന്ന് രക്തം വിയർത്തവനെ ധ്യാനിക്കണം. ഇളം തണുപ്പിന്റെ സുഖം പറ്റി ഒരു നിമിഷംപോലും മുറിയാതെ നിദ്ര തുടരുന്ന നമ്മൾ ഈ നോമ്പിൽ ഗദ്സമനിയിലെ നിലവിളിയിലേക്കുണരണം. സ്വയം എരിഞ്ഞില്ലാതാകുന്നവന്റെ ഹൃദയത്തോട് ചേർന്ന് നിൽക്കാനാവണം. എന്നോടൊപ്പം ഈ വേദനയിൽ ഉണർന്നിരിക്കുവാൻ കരഞ്ഞു പറഞ്ഞവന്റെ രോദനംകേട്ടെങ്കിലും ഈ നോമ്പുകാലം ഒരു ഉണർവ്വിന്റെ, കാത്തിരിപ്പിന്റെ, വേർതിരിക്കപ്പെടലിന്റെ കാലമായി മാറണം. സ്വയം ശുദ്ധിചെയ്ത് ഒരു പുതിയ മനുഷ്യനായി മാറുവാൻ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./ അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192






# ഓർമ്മയാചരിക്കുന്ന ജീവിതം



മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ

പരിശുദ്ധ കുർബാനയാണ് സെനക്കിളിൽ ഈശോ നമുക്കു നല്കിയ ഏറ്റം വിശിഷ്ടമായ ദാനം. ഈ ദാനം സഭയിൽ ആരംഭം മുതൽ ഇന്നുവരെ കാത്തുസൂക്ഷിക്കപ്പെടുന്നു. സഭയുള്ളിടത്തോളം കാലം അതു കാത്തു സൂക്ഷിക്കപ്പെടുകയും ചെയ്യും. കുർബാനയില്ലാതെ സഭയില്ല; സഭയില്ലാതെ കുർബാനയില്ല. അത്രമാത്രം അഭേദ്യമായ ബന്ധമാണ് സഭയും പരിശുദ്ധ കുർബാനയും തമ്മിലുള്ളത്. പരിശുദ്ധ കുർബാനയെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സക്രാരിയിൽ സൂക്ഷിക്കപ്പെടുന്ന തിരുവോസ്തിയല്ല; പരിശുദ്ധ കുർബാനയർപ്പണമാണ്. ഇന്ന് പരിശുദ്ധ കുർബാനയുടെ ആരാധന പ്രചാരത്തിലിരിക്കുന്ന ഭക്തകൃത്യമായതുകൊണ്ട് അങ്ങനെയൊരു തെറ്റുദ്ധാരണയുണ്ടാകാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് പരിശുദ്ധ കുർബാനയർപ്പണമാണ് നമ്മുടെ പ്രതിപാദ്യവിഷയം.

### കുർബാന: ഓർമ്മയാചരണം

അന്ത്യത്താഴത്തിൽ പരിശുദ്ധ കുർബാന സ്ഥാപിച്ചുകൊണ്ട് ഈശോ ശിഷ്യന്മാരോടു പറഞ്ഞു: "എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ" (ലൂക്കാ 22,19; 1 കൊറി 11,24-25). കർത്താവിന്റെ കല്പനയ്ക്കനുസൃതമായുള്ള ഓർമ്മയാചരണമാണ് പരിശുദ്ധ കുർബാനയർപ്പണം. നമ്മുടെ കുർബാനയുടെ ആരംഭത്തിൽ "നമുക്കു ലഭിച്ചിരിക്കുന്ന കല്പനയനുസരിച്ച് ഈ കുർബാന ആരംഭിക്കാം" എന്നു കാർമ്മികൻ ചൊല്ലുന്നതും, "മിശിഹായുടെ കല്പനയനുസരിച്ചാണല്ലോ നാം ഇത് അർപ്പിക്കുന്നത്" എന്ന് സമൂഹം പ്രത്യുത്തരിക്കുന്നതും അന്ത്യത്താഴത്തിൽ ഈശോ നല്കിയ ഈ കല്പനയെയാണ് അനുസ്മരിപ്പിക്കുന്നത്. അങ്ങനെ മിശിഹായുടെ കല്പനയ്ക്കനുസൃതം അർപ്പിക്കുന്ന കുർബാന ഒരു ഓർമ്മയാചരണമാണ്.

### രക്ഷാകരപ്രവർത്തനത്തിന്റെ ഓർമ്മയാചരണം

"നിങ്ങൾ ഇതു ചെയ്യുവിൻ" എന്നാണ് ഈശോ ശിഷ്യന്മാരോടു കല്പിച്ചത്; "നിങ്ങൾ ഇത് ഓർമ്മിക്കുവിൻ" എന്നല്ല. തീർച്ചയായും ഓർമ്മിക്കുന്നില്ലെങ്കിൽ നാം അത് ചെയ്യില്ല. മാത്രമല്ല, നമുക്ക് ഇത് ഓർമ്മിക്കാതിരിക്കാൻ കഴിയുകയുമില്ല. കൃത




ജ്ഞതാസ്തോത്രപ്രാർത്ഥനയുടെയും അനുരഞ്ജനശുശ്രൂഷയുടെയുമൊക്കെ ഭാഗമായി രക്ഷാകര സംഭവങ്ങളെ നാം കുർബാനയിൽ അനുസ്മരിക്കുന്നുണ്ട്. ഈശോ തന്റെ പീഡാനുഭവ-മരണ-ഉത്ഥാനങ്ങളിലൂടെ പൂർത്തിയാക്കിയ രക്ഷാകർമ്മത്തെയും അതിന്റെ ഫലമായി നമുക്കു ലഭിക്കുന്ന രക്ഷയുടെ ഫലങ്ങളെയും ഓർക്കുന്ന വേദിയാണ് പരിശുദ്ധ കുർബാനയർപ്പണം. ഉത്ഥാനഗീതവും അതേതുടർന്നുള്ള പ്രാർത്ഥനയും ഇതു വ്യക്തമാക്കുന്നുണ്ട്: "സകലത്തിന്റെയും നാഥാ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു... നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു" എന്നത് ഈ ഓർമ്മയാചരണത്തിന്റെ തെളിവാണ്.

### ദൈവതിരുമുമ്പിലുള്ള ഓർമ്മയാചരണം

ബൈബിളിൽ 'ഓർമ്മ' എന്ന വാക്ക് ആരാധനാസന്ദർഭത്തിൽ ഉപയോഗിക്കുമ്പോൾ ഈ 'ഓർമ്മ'യുടെ ഉടമ ദൈവമാണെന്നുള്ള സൂചനയാണ് നമുക്കു ലഭിക്കുന്നത്. "ദൈവം ഓർമ്മിക്കുന്നു" അഥവാ "ദൈവതിരുമുമ്പിൽ ഓർമ്മ ഉളവാകുന്നു" എന്നു പറയുമ്പോൾ അതിന് ഒരു പ്രത്യേക അർത്ഥമാണുള്ളത്. ഏതൊന്നിനെ ദൈവം ഓർമ്മിക്കുന്നുവോ അത് ദൈവതിരുമുമ്പിൽ സന്നിഹിതമാകുന്നു എന്നാണ് നാം മനസ്സിലാക്കുന്നത്. അത് ദൈവതിരുമുമ്പിൽ സന്നിഹിതമാകുമ്പോൾ അതിന്റെ ഫലം ഓർമ്മിപ്പിക്കുന്നവരിൽ ഉളവാകുകയും ചെയ്യുന്നു. സറാഫാത്തിലെ വിധവയുടെ പാപങ്ങൾ ദൈവത്തിന്റെ ഓർമ്മയിൽ കൊണ്ടുവരുന്നതിനും അതിന്റെ ഫലമായി അവളുടെ പുത്രൻ മരിക്കുന്നതിനും ഏലിയായുടെ സന്ദർശനം കാരണമാകുന്നു (1 രാജാ 17,18). "ഇപ്പോൾ അവിടുന്ന് അവരുടെ അപരാധം അനുസ്മരിച്ച് അവരുടെ പാപങ്ങൾക്കു ശിക്ഷ നല്കും" (ജറെ 14,10) എന്ന് ജറെമിയാപ്രവാചകൻ പറയുന്നു. അതുപോലെതന്നെ ദൈവം നന്മകളോർക്കുമ്പോൾ അതിന്റെ ഫലമായി അനുഗ്രഹങ്ങൾ നല്കപ്പെടുന്നതായും നാം കാണുന്നു. ഹന്നയെക്കുറിച്ച് ഇപ്രകാരം പറയുന്നു: "കർത്താവ് അവളെ ഓർമ്മിച്ചു. യഥാസമയം ഹന്ന ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിച്ചു" (1 സാമു 1,19–20). അതുകൊണ്ട് പരിശുദ്ധ കുർബാന ഈശോമിശിഹായുടെയും അവിടുത്തെ രക്ഷാകരരഹസ്യങ്ങളുടെയും ദൈവതിരുമുമ്പിലുള്ള ഓർമ്മയാചരണമാണ്.

### രക്ഷാകരഫലങ്ങൾ ഉളവാക്കുന്ന ഓർമ്മയാചരണം

കുർബാനസ്ഥാപനസമയത്ത് ഈശോ ചെയ്തതും അനുഷ്ഠിക്കാൻ നമ്മോടു പറഞ്ഞതുമായ കാര്യങ്ങൾ മിശിഹായെ സംബന്ധിച്ച രഹസ്യങ്ങളെല്ലാം ഉൾക്കൊള്ളുന്നവയാണ്. മിശിഹായുടെ മനുഷ്യാവതാരം, പരസ്യജീവിതം, പീഡാനുഭവം, മരണം, ഉത്ഥാനം, പരിശുദ്ധാത്മദാനം, നിത്യജീവൻ എന്നിവയെല്ലാം ഉൾക്കൊള്ളുന്നവയാണ് കുർബാനസ്ഥാപനം. അവയെല്ലാം ദൈവതിരുമുമ്പിൽ അനുസ്മരിക്കപ്പെടുമ്പോൾ ആ രക്ഷാകരഫലങ്ങൾ നമുക്കു നല്കിക്കൊണ്ടുള്ള മിശിഹായുടെ പുരോഹിതസാന്നിദ്ധ്യം ദൈവതിരുമുമ്പിൽ ഉണ്ടാകുന്നു. ഇപ്പോൾ സംഭവിക്കുന്നതുപോലെ അവ നമുക്കായി പിതാവിന്റെ തിരുമുമ്പിൽ സവിശേഷമാംവിധം സജീവമാകുന്നു. അവനിലൂടെ നിർവഹിക്കപ്പെട്ട രക്ഷാകർമ്മങ്ങളുടെ ഫലം നമ്മിലേയ്ക്കൊഴുകുകയും ചെയ്യുന്നു. കുർബാനയിൽ മൂന്നാം പ്രണാമജപമദ്ധ്യേ "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്ന കല്പന ഉച്ചരിച്ചു കഴിഞ്ഞാലുടൻ കൃതജ്ഞതാസ്തോത്രം ചെയ്യുവാൻവേണ്ടി പുരോഹിതൻ എണ്ണിയെണ്ണി പറയുന്നത് ഈ ഫലങ്ങളെക്കുറിച്ചാണ്: ദൈവികജീവനിൽ പങ്കാളിത്തം, അധഃപതിച്ചുപോയ നമുക്കു സമുദ്ധാരണം, മൃതരായ നമുക്കു ജീവൻ, പാപകടങ്ങളിൽനിന്നു മോചനം, നമ്മുടെ നീതീകരണവും വിശുദ്ധീകരണവും, നമ്മുടെ ബുദ്ധിക്കു പ്രകാശം, ശത്രുക്കളുടെമേൽ വിജയം, ബലഹീനരായ നമ്മുടെ മനുഷ്യപ്രകൃതിക്ക് മഹത്ത്വീകരണം. നന്ദി പ്രകാശിപ്പിക്കാനാവാത്തവിധം അത്ര വലുതായ അനുഗ്രഹങ്ങളാണ് അവ. ഈ അനുഗ്രഹങ്ങൾ പ്രാപിക്കത്തക്കവിധം പരിശുദ്ധ കുർബാനയെ അർത്ഥവത്തായ ഒരു ഓർമ്മയാചരണമാക്കുവാൻ നമുക്കു കഴിയണം. അപ്രകാരമാകണമെങ്കിൽ നാം 'ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടും' ഉറച്ച വിശ്വാസത്തോടും തികഞ്ഞ സ്നേഹത്തോടും കൂടി പരിശുദ്ധ കുർബാനയർപ്പിക്കണം. അങ്ങനെ കുർബാനയിൽ കേന്ദ്രീകൃതമായ ജീവിതം നയിക്കുമ്പോൾ നാം ഓർമ്മയാചരിക്കുന്ന, അനുഗൃഹീതജീവിതത്തിന്റെ ഉടമകളായിത്തീരും. ദൈവത്തിന്റെ രക്ഷാകരഫലങ്ങൾ അനുഭവത്തിൽ ഉൾക്കൊള്ളാനും നമുക്കു കഴിയും.










**ഫാ. കുരിയാക്കോസ്**
**മൂഞ്ഞേലി MCBS**

**2014** നവംമ്പർ 30 ന് ആരംഭിച്ച സമർപ്പിതവർഷം 2016 ഫെബ്രുവരി 2 ന് സമാപിക്കുകയാണ്. സമർപ്പിതജീവിത നവീകരണവും സ്ഥാപക ചൈതന്യത്തിലേക്കുള്ള പിൻതിരിയലും പരിശുദ്ധ പിതാവിന്റെ ഉദ്ദേശ്യങ്ങളായിരുന്നു, ഈ സമർപ്പിതവർഷത്തിൽ. ഈ പ്രത്യേക വർഷാചരണത്തിന്റെ സമാപനദിനങ്ങൾ നമുക്ക് ഒരു ആത്മശോധനയുടേതായിരിക്കേണ്ടതാണ്.


ഈശോയ്ക്കായി പൂർണ്ണമായി സമർപ്പിച്ചതിന്റെ അവാച്യമായ ആനന്ദത്തിലേക്ക് പ്രവേശിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് മാർപാപ്പ ഈ പ്രത്യേകവർഷം സമാരംഭിച്ചത്. നന്ദിയോടെ ഭൂതകാലത്തേക്ക് നോക്കുവാനും അത്യുൽസാഹത്തോടെ വർത്തമാനകാലത്തിൽ ജീവിക്കുവാനും പ്രത്യാശയോടെ ഭാവിയെ ആശ്ലേഷിക്കുവാനുമുള്ള ആഹ്വാനം വളരെ സന്തോഷത്തോടെയാണ് എല്ലാ

സമർപ്പിതരും സ്വീകരിച്ചത്. ഈ ആഹ്വാന ത്തിന്റെ ആന്തരിക ചൈതന്യം സമർപ്പിതജീ വിതത്തിന്റെ ആന്തരിക മൂല്യങ്ങളെ കൂടുതൽ തീക്ഷ്ണതയോടെ സംരക്ഷിച്ച് പുതിയ തല മുറയിലേക്ക് പകർന്നുകൊടുക്കുവാനുള്ളതായി രുന്നു.

സന്ന്യസ്ത ജീവിതത്തിന്റെ ഓരോ രൂപവും സുവിശേഷത്തിലെ ഈശോയെ അനു ഗമിക്കുവാനുള്ള പരിശുദ്ധാത്മാവിന്റെ വിളി യാണ്. സഭാസ്ഥാപകർക്ക് സുവിശേഷമായി രുന്നു ജീവിതത്തിന്റെ ആത്യന്തികമായ നിയമം. ഓരോ സഭയുടെയും നിയമാവലി സുവിശേ ഷത്തിന്റെ പ്രകാശനവും. ആ സുവിശേഷം പൂർണ്ണമായി ജീവിക്കുന്നതിനുള്ള മാർഗ്ഗവു മാണ്. സുവിശേഷത്തിന്റെ വായനയും അവ യുടെ ധ്യാനവും, അതിനനുസരിച്ചുള്ള ജീവി തവും സന്ന്യാസത്തിന്റെ ദൗത്യം തന്നെയാണ്. ഈ ദൗത്യത്തിന്റെ പ്രായോഗികത ഓരോ സഭ യുടെയും നിയമാവലിയിൽ ഉണ്ട്. സുവിശേഷം ജീവിക്കുവാനുള്ള അതിതീക്ഷ്ണതയിൽ സ്വന്തം സഭയുടെ നിയമാവലിയെ അവഗണി ക്കുവാനും ലാഘവത്തോടെ കാണുവാനുമുള്ള പ്രവണത തിരുത്തപ്പെടേണ്ടതാണ്.

സന്ന്യാസം എന്നും ഒരു തിരുത്തൽ ശക്തിയായിരുന്നു. 'നാടോടുമ്പോൾ നടുവേ ഓടാനുള്ള പ്രവണതയെക്കാൾ' നാടിന്റെ ഓട്ടത്തെ പിടിച്ചുനിർത്തി "Look and Proceed" എന്ന് ആഹ്വാനം ചെയ്യാനുള്ള ശക്തിയാണ് സന്ന്യാസം. ഈ ആഹ്വാനത്തിലൂടെ ദൈവ ത്തിലേക്കും സഹോദരങ്ങളിലേക്കും സനാത നമൂല്യങ്ങളിലേക്കും തിരിയുവാനുള്ള പ്രചോ ദനമാണ് ലോകത്തിന് സന്ന്യാസി നല്കേ ണ്ടത്. സഭാസ്ഥാപകരോട് പരിശുദ്ധാത്മാവ് ആവശ്യപ്പെട്ടതിനനുസൃതമായി സഭയുടെ അസ്തിത്വവും ശുശ്രൂഷകളും ഇക്കാലഘട്ട ത്തിലും അവതരിപ്പിക്കുവാൻ സന്ന്യാസസഭാ സമൂഹത്തിന് കഴിയണം. സ്ഥാപകരെ നയിച്ച അതേ ഔദാര്യവും ആത്മത്യാഗവും തനിമ/ യുമൊന്നും നഷ്ടപ്പെടുത്താതെ ആധുനിക കാലഘട്ടത്തിലും അവതരിപ്പിക്കപ്പെടണം. ആധുനിക കാലഘട്ടം വ്യക്തികേന്ദ്രീകൃതമാണ്. അതിനാൽതന്നെ സ്വന്തം സുഖം, സൗകര്യം, സ്ഥാനമാനങ്ങൾ, വളർച്ച, എന്നിവയാണ് എല്ലാ വരും അന്വേഷിക്കുന്നത്. എന്റെ വ്യക്തിത്വവ ളർച്ച, എന്റെ ജീവിതസാക്ഷാത് കാരം, എനിക്ക് അംഗീകാരം ഇതൊക്കെയാണ് പലരും ആഗ്ര ഹിക്കുന്നത്. ഈ സാമൂഹ്യ ചുറ്റുപാടിൽ കൂട്ടാ യ്മയുടെ സാക്ഷികളും വിദഗ്ധരുമാകണം സമർപ്പിതർ. ആദിമസഭയുടെ കൂട്ടായ്മ സന്ന്യാ സത്തിന്റെ പ്രചോദനസാക്ഷ്യമാണ്. പരിശുദ്ധ ത്രിത്വം ഒരു കൂട്ടായ്മയായിരിക്കുന്നതുപോലെ സന്ന്യാസസമൂഹവും ലോകത്തിന് കൂട്ടായ്മ യുടെ പ്രചോദനവും സാക്ഷ്യവുമാകണം. വ്യത്യസ്ത സംസ്കാരത്തിലും സമൂഹത്തിലും പെട്ടവർക്ക് ഒരു കുടുംബത്തിലെ അംഗങ്ങളെ പ്പോലെ ജീവിക്കാൻ കഴിയുമെന്ന് ലോകത്തിന് കാണിച്ചുകൊടുക്കേണ്ട ദൗത്യവും സന്ന്യാസ സമൂഹങ്ങൾ ക്കുണ്ട്. സഭയിലും സമൂഹത്തിലും കൂട്ടായ്മയുടെ വക്താക്കളാകേണ്ടവരാണവർ. അതിനു വിശുദ്ധ കുർബാനയിലെ മുറിയപ്പെട ലിന്റെയും ചിന്തപ്പെടലിന്റെയും മനോഭാവം ഓരോ സമർപ്പിതനും ഉൾക്കൊള്ളേണ്ടിയിരി ക്കുന്നു.

സമർപ്പിതസമൂഹജീവിതത്തിന് ധാരാളം വെല്ലുവിളികളുണ്ട്, പ്രതിസന്ധികളുണ്ട്. കുറ ഞ്ഞുവരുന്ന ദൈവവിളികൾ ഗൗരവമേറിയ പ്രതിസന്ധിയാണ്. ഈ പ്രതിസന്ധി സന്ന്യാ സജീവിതത്തിന്റെ മാനദണ്ഡങ്ങൾ പാലിക്കു വാൻ കഴിവില്ലാത്തവരെപ്പോലും അതിലേക്ക് പ്രവേശിപ്പിക്കുവാനുള്ള ഒരു പ്രലോഭനം ഉയർത്തുന്നുണ്ട്. സന്ന്യാസാർത്ഥികളിൽ സന്ന്യാസജീവിതത്തിനു വേണ്ട ധാർമ്മികവും രൂപവത്കരണപരവുമായ നിലവാരത്തിന് ഇടി വുണ്ടായാൽ അത് മൗതികശരീരമായ തിരുസ ഭയെ മൊത്തത്തിലാണ് ബാധിക്കുന്നത് എന്നത് സമർപ്പിതർ ഓർമ്മിക്കേണ്ടതാണ്. സമർപ്പിത വർഷാവസാനത്തിൽ ഈ ചിന്തകൾ ഹൃദയ ത്തിൽ ഉണ്ടായിരിക്കട്ടെ.



# പ്രലോഭനങ്ങളുടെ പുത്തൻ കുപ്പായങ്ങൾ


**ജിസ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**


**പൂ**ന്തോട്ടത്തിൽ ചെടികളെ സംരക്ഷിക്കുന്നതിനിടയിലാണ് ഞാനാ പുഴുവിനെ കണ്ടത്. ഇത്രമാത്രം മനോഹാരിതയുള്ള ഒരു പുഴുവിനെ ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. നിരവധി നിറങ്ങൾ ചേർത്തുവച്ച് ഉരുണ്ട കണ്ണുകളും അതിമനോഹരമായ ശല്ക്കങ്ങളുമൊക്കെയുള്ള ഒരു സുന്ദരസൃഷ്ടി. ഏറെ നേരം ഞാനതിനെ നോക്കിനിന്നു. വന്നവരെയൊക്കെ അതിന്റെ ഭംഗി ആസ്വദിക്കാൻ ക്ഷണിച്ചു. ഹൃദയം നിറഞ്ഞ അനുഭവമായിരുന്നു അന്നെനിക്ക്. എന്നാൽ പിറ്റേന്നു കാലത്ത് പുഴുവിനെ അന്വേഷിച്ച ഞാൻ ഞെട്ടിപ്പോയി. പിങ്കുനിറത്തിൽ പൂക്കളുണ്ടാകുന്ന ലില്ലിച്ചെടിയുടെ ഇലകൾ മുഴുവൻ ഒറ്റ രാത്രി കൊണ്ട് 'മനോഹരനായ ആ പുഴു' തിന്നു തീർത്തിരിക്കുന്നു. പുഴുവിനെ കാണാനുമില്ല. അതിനെ കൊല്ലാതെ വിട്ടതിൽ ഞാൻ ഏറെ ഖേദിച്ചു.

ഈ നോമ്പുകാലാരംഭത്തിൽ ഈ അനുഭവം വീണ്ടും അയവിറക്കാൻ ഇടയായി. നമ്മുടെ ആദ്ധ്യാത്മികജീവിതത്തിലും ഇതുപോലെയുള്ള ചില 'മനോഹര പുഴുക്കൾ' കയറിക്കൂടാനിടയുണ്ട്. ഉപരിനന്മ, സൗകര്യപ്രദം, അതിമനോഹരം, ദൈവികം എന്ന രീതികളി

ലൊക്കെയാവാം അവ കടന്നുവരിക. സാധാരണ പൈശാചികശക്തികളെ ചിത്രീകരിച്ചു കാണുന്നത് കൊമ്പും വാലുമുള്ള ഒരു കറുത്ത രൂപമായിട്ടാണ്. അതു വലിയ വിഡ്ഢിത്തമാണെന്നു എനിക്കു തോന്നുന്നു. കാരണം ഭീകരരൂപിയായി അടുത്തുവന്നാൽ ആരാണതിനോടടുക്കുക? പലപ്പോഴും പൈശാചികത നമ്മെ സമീപിക്കുന്നത് ഏറ്റവും മനോഹരമായ, നമുക്ക് സ്വീകാര്യമായ രീതിയിലാണെന്നതാണ് വസ്തുത. തിരുവചനം പറയുന്നതുപോലെ ജഡത്തിന്റെ ദുരാശയും, കണ്ണുകളുടെ ദുരാശയും, ജീവിതത്തിന്റെ അഹന്തയുമാണ് (1 യോഹ 2,16) മനോഹരങ്ങളും അത്യാവശ്യങ്ങളും യാതൊരു തെറ്റും കാണാനില്ലാത്തവയുമായി നമ്മുടെ മുമ്പിലേക്ക് കടന്നുവരിക.



ദൈവപുത്രനായ ഈശോയ്ക്കനുഭവപ്പെട്ട പ്രലോഭനങ്ങൾതന്നെയാണ് അതിനുത്തമ ഉദാഹരണം. വിശപ്പുകൊണ്ടു വലയുന്ന ഒരുവന് കല്ലുകൾ അപ്പമാക്കി മാറ്റാൻ സാധിക്കുമെങ്കിൽ അതു ചെയ്യുന്നതിൽ എന്താണു തെറ്റ്? തന്റെ കഴിവുകൾ ആവശ്യനേരത്ത് ഉപയോഗപ്പെടുത്താത്തവൻ വിഡ്ഢിത്തമാണു കാണിക്കുന്നത്. എന്നാൽ തനിക്കു വളരെ അത്യാവശ്യമെന്ന രീതിയിൽ കടന്നുവന്ന പ്രലോഭനത്തെ തിരിച്ചറിയാൻ ഈശോയ്ക്കു സാധിച്ചു. ജഡമോഹങ്ങളെ അതിജീവിക്കാൻ അവിടുത്തേക്കു കഴിഞ്ഞു. ആധുനികലോകം ജഡമോഹങ്ങളെ തൃപ്തിപ്പെടുത്താൻ നല്ലതായ രീതിയിൽ പലതിനെയും നമ്മുടെ മുമ്പിൽ വയ്ക്കുന്നുണ്ട്. ആധുനിക മാധ്യമങ്ങളും ജീവിതസൗകര്യങ്ങളും ഭക്ഷണരീതികളും ധാർമ്മിക പ്രത്യയശാസ്ത്രങ്ങളുമൊക്കെ ജഡമോഹങ്ങളെ തൃപ്തിപ്പെടുത്താൻ വേണ്ടി ഉപയോഗപ്പെടുത്തുന്നവരുണ്ട്. ആദ്ധ്യാത്മികജീവിതത്തിൽപോലും ഇതിനുള്ള പരിശ്രമം നമുക്കു കാണാൻ കഴിയും. ഇതിലെന്തു തെറ്റ് എന്ന് രണ്ടുമൂന്നു പ്രാവശ്യം ചോദിച്ചാൽ എല്ലാം ശരിയായി തീരുന്ന പ്രതിഭാസം! ഈ നോമ്പുകാലത്തിൽ "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നത്" (ലൂക്കാ 4,4) എന്നത് ഹൃദയത്തിലുറപ്പിക്കാനും അതു ജീവിക്കാനുമായാൽ നമ്മുടെ ജീവിതം പരിശുദ്ധാത്മാവിനാൽ നിറഞ്ഞതാണെന്ന് നമുക്കുറപ്പിക്കാം.

കണ്ണുകളുടെ ദുരാശയെ തൃപ്തിപ്പെടുത്തുന്ന പ്രലോഭനമാണ് പിന്നീട് ഈശോയ്ക്കുണ്ടായത്. സമ്പത്തും സ്ഥാനമാനങ്ങളും വേണ്ടെന്നു വയ്ക്കുന്നവർ ആരാണുള്ളത്? അതും




വെറുതേ കിട്ടുന്നത് തട്ടിക്കളയുന്നവൻ? അങ്ങനെയുള്ളവൻ മനുഷ്യദൃഷ്ട്യാ വിഡ്ഢിയാണ്. എന്നാൽ ആ വിഡ്ഢിത്തം ഈശോ സ്വീകരിച്ചു. ഭൂമിയിലെ സകല രാജ്യങ്ങളും അവയുടെ മേലുള്ള അധികാരവും മഹത്ത്വവും (ലൂക്കാ 4,5) ദൈവപുത്രന് മറ്റൊരാൾ കൊടുക്കേണ്ട ആവശ്യമില്ല. അവൻ അതിന്റെയെല്ലാം സ്രഷ്ടാവുതന്നെയാണ്. ആ വലിയ ബോദ്ധ്യം ഉള്ളതിനാലാണ് അവിടുത്തേക്ക് ആ പ്രലോഭനത്തെ സധൈര്യം എതിർക്കാൻ സാധിച്ചതും. ഇന്നു മനുഷ്യന് തന്റെ കണ്ണുകളുടെ ദുരാശയെ തൃപ്തിപ്പെടുത്താനാണ് താല്പര്യം. കണ്ണിൽ കാണുന്നതെല്ലാം എങ്ങനെയും സ്വന്തമാക്കാനും, അതിന് ഏതു കുത്സിത മാർഗവും സ്വീകരിക്കാനും അവനു മടിയില്ല. നോക്കാം... ഈ നോമ്പുകാലത്തിൽ.... നമ്മുടെ കണ്ണുകളിലേക്ക്... അതിമോഹമാണോ അവിടെയുള്ളത്? ആസക്തികളാൽ നിറഞ്ഞതാണോ എന്റെ കണ്ണുകൾ? കാണുന്നതെല്ലാം സ്വന്തമാക്കാനുള്ള അത്യാർത്തിയാണോ അതിൽ? മരുഭൂമിയിൽ നാല്പതുനാൾ ഉപവസിച്ച ഈശോയുടെ ശാന്തത നിറഞ്ഞ, പരിശുദ്ധമായ തിളക്കമുള്ള കണ്ണുകൾ സ്വന്തമാക്കാൻ ഈ നോമ്പുകാലത്ത് നമുക്ക് ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യാം.

തന്റെ വ്യക്തിത്വത്തെയും അന്തസ്സിനെയും ചോദ്യംചെയ്താൽ പ്രകോപിക്കപ്പെടാത്തവർ ആരുണ്ട്? അതൊന്നു തെളിയിക്കാൻ പരിശ്രമിക്കാത്തവൻ ആരാണുള്ളത്? ഈശോയുടെ ദൈവപുത്രത്വം തെളിയിക്കാൻ ഏറ്റവും അനുയോജ്യമായ അവസരമാണ് അവിടുത്തെ മുമ്പിൽ പിശാച് എടുത്തിട്ടത്. എന്നാൽ തന്റെ ദൈവപുത്രത്വം തെളിയിക്കേണ്ടത് പിശാചിന്റെ ഹിതത്തിനു വഴങ്ങിയല്ല എന്ന് ഈശോയ്ക്കു ബോദ്ധ്യമുണ്ടായിരുന്നു. 'ജീവിതത്തിന്റെ അഹന്ത' മനുഷ്യനെ കൊണ്ടെത്തിക്കുന്ന മേഖലകൾ ചെറുതൊന്നുമല്ല. തന്റെ കുടുംബമഹിമയും സമ്പത്തും സ്ഥാനങ്ങളുമൊക്കെ പെരുപ്പിച്ചു കാണിക്കാനായി മനുഷ്യൻ എന്തൊക്കെ മാർഗങ്ങൾ സ്വീകരിക്കുന്നു? കൊട്ടാരസദൃശ്യമായ വീടുകളും വലുതും ബൃഹത്തുമായ വാഹനങ്ങളും ആയിരങ്ങൾ വിലമതിക്കുന്ന തുണിത്തരങ്ങളും ആർഭാടപൂർവമായ ആഘോഷങ്ങളും തുടങ്ങി മനുഷ്യൻ കാട്ടിക്കൂട്ടുന്നതൊക്കെ നമ്മെ സ്തബ്ധരാക്കുന്നവയാണ്. ലഭ്യമായതെല്ലാം നേടിയിട്ടും മനുഷ്യൻ ശാശ്വതമായ സന്തോഷമോ സമാധാനമോ സംതൃപ്തിയോ അനുഭവിക്കുന്നില്ല എന്നതാണ് സത്യം. ഈ നോമ്പുകാലത്തിൽ ജീവിതത്തിന്റെ അഹന്തമൂലം കാട്ടിക്കൂട്ടുന്ന പ്രകടനങ്ങളെക്കുറിച്ച് ബോധ്യമുള്ളവരാകാം നമുക്ക്.

മനോഹരരൂപത്തിൽ വരുന്ന പിശാചിന്റെ തന്ത്രങ്ങളെ ഈശോയെപ്പോലെ നമുക്കു ചെറുത്തുനില്ക്കാം... പ്രാർത്ഥനയായിരിക്കട്ടെ നമ്മുടെ ശക്തി. ഉപവാസമായിരിക്കട്ടെ നമ്മുടെ ബലം. വചനമായിരിക്കട്ടെ നമ്മുടെ ആയുധം.

*"കർത്താവിന്റെ കാരുണ്യം ഒരു അമൂർത്ത ആശയമല്ല. മറിച്ച്, തന്റെ കുഞ്ഞിനോടുള്ള സ്നേഹത്തെപ്രതി ആഴങ്ങളിലേക്കു നീങ്ങുന്ന ഒരു മാതാവിന്റെയോ പിതാവിന്റെയോ സ്നേഹംപോലെയുള്ള തന്റെ സ്നേഹം അവിടുന്നു വെളിപ്പെടുത്തുന്ന ഒരു സമൂർത്ത യാഥാർത്ഥ്യമാണ്. ഇതൊരു 'ആന്തരിക' സ്നേഹമാണെന്നു പറയുന്നത് ഒട്ടും അതിശയോക്തിയല്ല. ദയാവായ്പും അനുകമ്പയും ലാളനയും കാരുണ്യവും നിറഞ്ഞ് ആഴങ്ങളിൽനിന്ന് അതു സ്വാഭാവികമായി കുതിച്ചൊഴുകുന്നു."* കാരുണ്യത്തിന്റെ മുഖം, 6




# സെനക്കിൾ തരംഗം

**സന്ദേശം**

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിൽ നോമ്പുകാലം ആരംഭിക്കുകയാണല്ലോ. പൗരസ്ത്യസുറിയാനി സഭയുടെയും മാർത്തോമ്മാനസ്രാണികളുടെയും പാരമ്പര്യമനുസരിച്ച് നാല്പതുദിവസത്തെ ഉപവാസവും അമ്പതുദിവസത്തെ നോമ്പുമായിട്ടാണ് ഈ വലിയ നോമ്പുകാലം ആചരിച്ചിരുന്നത്. നാല്പതുദിവസത്തെ ഉപവാസം, തന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ ഈശോ പിശാചിനാൽ പരീക്ഷിക്കപ്പെട്ടും, പ്രാർത്ഥനയും ഉപവാസവും അനുഷ്ഠിച്ചുകൊണ്ടും, മരുഭൂമിയിൽ ആയിരുന്നതിനെ അനുസ്മരിക്കുന്നതായിരുന്നു. ഈശോയുടെ മരുഭൂമിയനുഭവം ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനസ്വഭാവത്തെ വ്യക്തമാക്കുന്നതാണ്. “ഈശോ പരിശുദ്ധാത്മാവു നിറഞ്ഞവനായി ജോർദ്ദാനിൽനിന്നു മടങ്ങി. ആത്മാവ് അവനെ മരുഭൂമിയിലേക്കു നയിച്ചു” (ലൂക്കാ 4,1). ക്രിസ്തീയജീവിതം മാമ്മോദീസാ, തൈലാഭിഷേകം, കുർബാന എന്നീ പ്രവേശനകൂദാശകളിലൂടെ അരൂപിയുടെ നിറവു സ്വീകരിച്ച് ആരംഭിക്കുന്ന ജീവിതമാണ്. ഈ ലോകമാകുന്ന മരുഭൂമിയിലേക്കാണ് അരൂപി നമ്മെയും നയിക്കുന്നത്. അത് പ്രലോഭനങ്ങളുടെ വേദിയാണ്. പ്രലോഭനങ്ങളെ ചെറുത്തുനിന്നുകൊണ്ട് വിശുദ്ധിയുടെ അരൂപിയാൽ നയിക്കപ്പെട്ട് വിശുദ്ധിയുടെ ജീവിതം നയിക്കണമെങ്കിൽ പ്രാർത്ഥനയും ഉപവാസവും അത്യന്താപേക്ഷിതമാണ്. ഇപ്രകാരം അരൂപിയാൽ നയിക്കപ്പെട്ടു ജീവിക്കേണ്ട വിശ്വാസികളുടെ സമൂഹത്തിന്റെ ശുശ്രൂഷകരെന്ന നിലയിൽ പുരോഹിതരായ നമുക്ക് ഈ നോമ്പുകാലത്ത് നോമ്പും ഉപവാസവും പ്രാർത്ഥനയുംവഴി സ്വയം വിശുദ്ധീകരിക്കുവാൻ ശ്രമിക്കാം.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

**വാർത്തകൾ**

2016 ജനുവരി 26 മുതൽ 29 വരെ റോമിൽവച്ചു നടക്കുന്ന ഫെഡറേഷൻ മീറ്റിംഗിലും അപ്പസ്തോലിക് സൊദാലെസ് ജനറൽ കൗൺസിൽ മീറ്റിംഗിലും സംബന്ധിക്കുവാൻ ജനറൽ മേജർ ഫാദർ, ബഹു. മാത്യു വെള്ളാനിക്കലച്ചൻ 25-ാം തീയതി റോമിലേക്കു പോകും. അവിടെ നിന്നും ജനുവരി 31 മുതൽ ഫെബ്രുവരി 6 വരെ നടക്കുന്ന *International Theological Commission for Dialogue between the Catholic Church and Oriental Orthodox Churches* ന്റെ 14-ാമത് പ്ലീനറി മീറ്റിംഗിൽ സംബന്ധിക്കുവാൻ ഈജിപ്തിലെ കയിറോയിലേക്കു പോകുകയും മീറ്റിംഗിനുശേഷം ഫെബ്രുവരി 7 ന് ഇന്ത്യയിൽ തിരിച്ചെത്തുകയും ചെയ്യും. റോമിൽവച്ചുള്ള ഫെഡറേഷൻ മീറ്റിംഗിലെ ചർച്ചാവിഷയം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകപിതാവ് ദൈവദാസൻ വില്യം ജക്വീൻതാപിതാവിന്റെ നാമകരണനടപടികളാണ്. യാത്രയും പരിപാടികളുമെല്ലാം ദൈവാനുഗ്രഹപ്രദമാകുവാൻ എല്ലാവരും പ്രാർത്ഥിക്കണം.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.






# കുരിശിന്റെ തണലിൽ ഇത്തിരിനേരം

ഷിനി തെരേസ് മുതുപ്ലാക്കൽ

**2013** *പ്രതീക്ഷയുടെ പൂമൊട്ടുകളി*ലെ ഉയിർപ്പ്-ശ്ലീഹാ-കൈത്താലക്കങ്ങളുടെ ചില താളുകളിൽ വരച്ചുചേർത്ത ഒരു ചിത്രം അനുവാചകരുടെ ഹൃദയക്കോണിൽ തങ്ങിനില്പ്പുണ്ടാവും... മറവിയുടെ മാറാലയാൽ ആ ചിത്രം മറഞ്ഞുവെങ്കിൽ ഒരു ഓർമ്മപ്പെടുത്തൽ...

"സഹനത്തിന്റെ മാറ്റ് കുറഞ്ഞുവരുന്ന ഈ ലോകത്തിൽ പത്തരമാറ്റിന്റെ തിളക്കത്തോടെ, നിറപുഞ്ചിരിയോടെ, ആനന്ദത്തോടെ സഹനത്തെ പുണരുന്ന, താമരക്കുന്ന് ഇടവകയിലെ വാവോലിൽ കുടുംബത്തിൽ അപ്പച്ചൻകുട്ടി എന്ന ആന്റണി ഐസക്ക്... രോഗസൗഖ്യത്തെക്കാൾ സഹനസ്വീകരണം ലക്ഷ്യമാക്കി ദൈവം അനുവദിക്കുന്ന സഹനങ്ങളെ കുരിശോളം ഉയർത്തുന്നതിൽ 11 വർഷമായി സന്തോഷിക്കുന്ന, ഇൻഫ്രാ മെഡുല്ലറി കവർനോമ (Infra Medullary Covernoma) എന്ന രോഗത്തിന്റെ പിടിയിലമർന്നു കഴുത്തിന് കീഴ്പോട്ട് തളർന്ന് കട്ടിലിൽ കിടക്കുമ്പോഴും ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതിൽ സന്തോഷം കണ്ടെത്തുന്ന അപ്പച്ചൻകുട്ടി... സഹനത്തിന്റെ നെരിപ്പോടിലമർന്ന് മറ്റൊരു ജോബ് ആയി ദൈവത്തോടു ചേർന്നു നിൽക്കുന്നവൻ... കൂടെ ദൈവം ചേർത്തു നൽകിയ തക്ക തുണയും മക്കളും...." (*പ്രതീക്ഷയുടെ പൂമൊട്ടുകൾ, കൈത്താലക്കം, 2013).*

തമ്പുരാന്റെയും പരിചിതഹൃദയങ്ങളുടെയും കാൻവാസിൽ ചിരപ്രതിഷ്ഠ നേടിയ ഈ ചിത്രം ലോകമാകുന്ന കാൻവാസിൽനിന്നും മാഞ്ഞു. 57 വർഷത്തെ തന്റെ ബലിയർപ്പണജീവിതം 2016 ജനുവരി 6 ന് പൂർത്തിയാക്കി അദ്ദേഹം നിത്യതയുടെ മനോഹാരിത ലക്ഷ്യംവച്ച് യാത്രയായി... സ്വർഗത്തിന്റെ കാൻവാസിൽ താൻ ഭൂമിയിൽവച്ച് കോറി

യിട്ട ചിത്രം പൂർത്തിയാക്കാൻ... വിശുദ്ധിയുടെ കിരീടം നേടാൻ...

കഴിഞ്ഞ 14 വർഷവും പൂർണമായി തന്റെ കിടക്കയാകുന്ന ബലിപീഠത്തിൽ യാഗമാകുകയായിരുന്നു അപ്പച്ചൻകുട്ടി. കാൽവരിയിലെ കുരിശിൽ ചുവട്ടിൽ പരിശുദ്ധ അമ്മയും യോഹന്നാനും നിന്നതുപോലെ, അപ്പച്ചൻകുട്ടിയുടെ കിടക്കയാകുന്ന കുരിശിൻ ചുവട്ടിലും സഹായത്തിന്റെ, ത്യാഗത്തിന്റെ, ബലപ്പെടുത്തലിന്റെ, നിശബ്ദസേവനത്തിന്റെ സ്നേഹസാന്നിദ്ധ്യമുണ്ടായിരുന്നു... ഭാര്യയുടെയും മക്കളുടെയും സഹോദരങ്ങളുടെയും രൂപത്തിൽ.

എന്തുകൊണ്ട് എനിക്കിങ്ങനെ? ദൈവം എവിടെയാണ്? ദൈവം എന്റെ ദുരിതങ്ങൾ കാണുന്നില്ലേ? എന്നെ സുഖപ്പെടുത്താൻ കഴിയാത്ത വണ്ണം ബലഹീനനാണോ ദൈവം? എന്തുകൊണ്ട് മരണത്തിലൂടെയെങ്കിലും ഈ സഹനങ്ങളിൽനിന്ന് അവിടുന്ന് എനിക്ക് രക്ഷ നല്കുന്നില്ല?... മാനുഷികബുദ്ധിക്ക് അഗ്രാഹ്യമായവ സംഭവിക്കുമ്പോൾ സാധാരണ ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങളിൽ ചിലതു മാത്രമാണിവ. മാനുഷികമായി ചിന്തിച്ചാൽ അപ്പച്ചൻകുട്ടിക്കും ഇതുപോലെ ധാരാളം ചോദ്യങ്ങളുണ്ടായിരുന്നിരിക്കണം. എന്നാൽ സഹനത്തിന്റെ പതിനാലു സംവത്സരങ്ങൾ അദ്ദേഹം പൂർത്തിയാക്കിയത് ദൈവത്തെ ചോദ്യം ചെയ്തുകൊണ്ടല്ല. മറിച്ച് തന്റെ രോഗാവസ്ഥ അദ്ദേഹത്തിന് ദൈവത്തിന്റെ സ്നേഹസമ്മാനമായിരുന്നു. മുൾമുടിയണിഞ്ഞ ഈശോ നല്കുന്ന ചുടുചുംബനമായിരുന്നു അദ്ദേഹത്തിനു തന്റെ വേദനകൾ.

ട്രക്കിയോസ്റ്റമി ട്യൂബ് ആരെങ്കിലും അടച്ചു പിടിച്ചാൽ മാത്രമേ അപ്പച്ചൻകുട്ടിക്ക് സംസാരിക്കാനാവുമായിരുന്നുള്ളു. സംസാരിക്കണമെങ്കിൽ പോലും പരസഹായം വേണ്ടിയിരുന്ന അദ്ദേഹത്തിൽനിന്നും പുറപ്പെട്ട വാക്കുകൾ പക്ഷേ, പരാജിതന്റെയോ പ്രതീക്ഷ നഷ്ടപ്പെട്ടവന്റെയോ ആയിരുന്നില്ല. വർഷങ്ങൾ മുന്നോട്ടുപോകുംതോറും തനിക്കു സുഖപ്പെടുവാനുള്ള സാധ്യത മങ്ങുകയാണെന്നറിഞ്ഞിട്ടും കിടക്കയിൽ കിടന്നുകൊണ്ട് അദ്ദേഹത്തിന് ലോകത്തോടു പറയാനുണ്ടായിരുന്നത് 'പ്രതീക്ഷയോടെയും മറ്റുള്ളവർക്ക് പ്രതീക്ഷയായും ജീവിക്കുക' എന്നതായിരുന്നു. 'സ്വീകരിക്കാൻ ബുദ്ധിമുട്ടുള്ള ജീവിതസാഹചര്യങ്ങളെ ദൈവകരങ്ങളിൽ നിന്ന് ഏറ്റുവാങ്ങി, തമ്പുരാന്റെ സമയത്തിനായി ക്ഷമയോടെ കാത്തിരിക്കുക' എന്ന സന്ദേശമാണ് *പ്രതീക്ഷയുടെ പൂമൊട്ടുക*ളുടെ വായനക്കാർക്ക് അദ്ദേഹം നല്കിയത്. ജീവിതത്തിന്റെ എല്ലാ സുഖസൗകര്യങ്ങളും അനുഭവിക്കുന്നവന്റെയല്ല, പൊള്ളുന്ന ജീവിതവ്യഥയനുഭവിക്കുന്നവന്റേതാണീ വാക്കുകൾ...

സ്വീകരിക്കാനാവാത്ത അനുഭവങ്ങളിലും നീറ്റോർമ്മകളിലും ദൈവഹിതം നിറവേറട്ടെ എന്ന ചെറുപ്രാർത്ഥന ഉരുവിടാനാവുമോ നമുക്ക്...? അവയൊക്കെയും ദൈവം അറിഞ്ഞ് അനുവദിക്കുന്നതാണെന്ന വിശ്വാസത്തോടെ ഹൃദയം നിറഞ്ഞ സന്തോഷത്തോടെ ഏറ്റെടുക്കാനാവുമോ...? സന്തോഷവേളകളിലും കദനവേളകളിലും ഒരുപോലെ ദൈവത്തോടു ചേർന്നിരിക്കാനാവുമോ...? ഇതൊക്കെ സാധിക്കണമെങ്കിൽ ഇരിക്കണം, കുരിശിന്റെ തണലിൽ ഇത്തിരിനേരം... നോക്കണം, പീഡകളാൽ മുറിവേറ്റവനിലേക്ക്... അറിയണം, അവന്റെ അളവില്ലാത്ത സ്നേഹം... "മനുഷ്യമക്കൾ അങ്ങയുടെ ചിറകുകളുടെ തണലിൽ അഭയം തേടുന്നു" (സങ്കീ 36,7) എന്ന സങ്കീർത്തകന്റെ ഭാവം ഉൾക്കൊണ്ട് നമുക്കും പറയാം: പീഡിതനായ ഈശോയേ, ഈ മക്കൾ അങ്ങയുടെ കുരിശിന്റെ തണലിൽ അഭയം തേടുന്നു.



ഭാര്യ കുഞ്ഞുമോൾ, ട്രക്കിയോസ്റ്റമി ട്യൂബ് അടച്ചു പിടിച്ചുകൊണ്ട് അപ്പച്ചൻകുട്ടിയെ സംസാരിക്കാൻ സഹായിക്കുന്നു.

# വിശുദ്ധിയുടെ മുത്തുകൾക്ക്

പ്രിയപ്പെട്ട കൂട്ടുകാരേ


നാം വലിയ നോമ്പിൽ പ്രവേശിച്ചിരിക്കുകയാണല്ലോ. ത്യാഗപ്രവൃത്തികളിലൂടെയും പ്രാർത്ഥനയിലൂടെയും ഈശോയുടെ രക്ഷാകര രഹസ്യങ്ങളെ ധ്യാനിച്ച് നാം ഒരുങ്ങിത്തുടങ്ങിയല്ലോ. നമുക്കും നോമ്പുകാലത്തെക്കുറിച്ച് ചിന്തിക്കാം. താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾ വായിച്ച് പദപ്രശ്നം പൂരിപ്പിക്കുക.

**വലത്തോട്ട്**

1. ഈശോ മരണത്തിന് ഏല്പിച്ചു കൊടുക്കപ്പെട്ടപ്പോൾ സ്വതന്ത്രനാക്കപ്പെട്ട കുറ്റവാളി ആര് (4 അക്ഷരം)
2. ഈശോയെ തള്ളിപ്പറഞ്ഞ ശിഷ്യനാര് (3 അക്ഷരം)
3. നോമ്പുകാലം ആരംഭിക്കുന്നതിന്റെ തലേദിവസത്തെ ആഘോഷത്തിനു പറയുന്ന പേര് (4 അക്ഷരം)
4. ഈശോയുടെ കുരിശിൻചുവട്ടിൽ "താൻ സ്നേഹിച്ച ശിഷ്യൻ നിൽക്കുന്നതു കണ്ട്" എന്ന് രേഖപ്പെടുത്തിയിരിക്കുന്ന സുവിശേഷം ഏത്? (4 അക്ഷരം)
5. ഈശോയുടെ മൃതദേഹം ഏറ്റു വാങ്ങിയ ജോസഫ് ഏതു നാട്ടുകാരനായിരുന്നു? (5 അക്ഷരം)

**താഴോട്ട്**

6. ഈശോയെ ക്രൂശിക്കാൻ ഏല്പിച്ചുകൊടുത്തതാര്?
7. ഈശോയെ ഒറ്റിക്കൊടുത്ത ശിഷ്യനാര്? (7 അക്ഷരം)
8. ഈശോയെ കുരിശുചുമക്കാൻ സഹായിച്ച കിറേനാക്കാരന്റെ പേര് എന്ത്? (4 അക്ഷരം)
9. കുരിശിൽ തറയ്ക്കപ്പെട്ട ഈശോയുടെ തലയ്ക്കുമുകളിൽ ആരുടെ രാജാവ് എന്നാണ് എഴുതിവച്ചത്? (5 അക്ഷരം)



തയ്യാറാക്കിയത്: **ജിനു നിരപ്പേൽ**

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - മാർച്ച് 15).

**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018

3

# കുഞ്ഞാറ്റയുടെ കുമ്പസാരം

ഷീജ കാലായിൽ



"അമ്മേ.... ഈ പാപം എന്നു പറയുന്നതേ പറയുന്നതും ചെയ്യുന്നതുമൊക്കെയാണോ?" "എന്താ കുഞ്ഞാറ്റേ, എഴുതിക്കൊണ്ടുപോകാൻ പാപങ്ങൾ കണ്ടുപിടിക്കുന്ന തിരക്കാണോ?" "ഉം..." മറുപടി ഒരു മൂളലിൽ ഒതുക്കി കുഞ്ഞാറ്റ.

കുഞ്ഞാറ്റയുടെ കൈയിൽ പിടിച്ച് സ്നേഹപൂർവ്വം നോക്കി അമ്മ പറഞ്ഞു: "എന്റെ വാവേ, നല്ലതല്ലാത്തതെല്ലാം തിന്മയാ.... പറയുന്നതും ചെയ്യുന്നതും മാത്രമല്ല നമ്മുടെ ഉള്ളിൽ ചിന്തിക്കുന്നതും നല്ലതല്ലെങ്കിൽ പാപമാ..." കുഞ്ഞാറ്റയ്ക്കു പിന്നെയും സംശയംകൂടി. "എന്നു പറഞ്ഞാൽ എന്താ മമ്മീ.... കുഞ്ഞാറ്റയ്ക്കു മനസ്സിലാകുന്നില്ലേന്നേ" "മോളൂ, കൊച്ചുകുട്ടികൾ ചെയ്യുന്ന പാപങ്ങൾ എന്തൊക്കെയാണെന്നു പറയാം. കൊച്ചുകൊച്ചു നുണകൾ, കള്ളത്തരങ്ങൾ, പിടിവാശി, ചീത്തവാക്കുകൾ പറയുക....ഇങ്ങനെ ഒത്തിരിയൊത്തിരി കുഞ്ഞുകുഞ്ഞു കാര്യങ്ങൾ...."

"എന്റെ കുഞ്ഞാറ്റേ, കുറച്ചുകൂടി എളുപ്പത്തിൽ മോൾക്കു പറഞ്ഞുതരാം... ദൈവം എത്ര പ്രമാണങ്ങളാണ് നമുക്കു തന്നിരിക്കുന്നത്?" കുഞ്ഞാറ്റ പെട്ടെന്നു പറഞ്ഞു. "10 പ്രമാണങ്ങൾ. അതിനെ രണ്ടായിട്ട് സംഗ്രഹിച്ചിട്ടുകൂടിയുണ്ട്. അതും എനിക്കറിയാം". അവൾ എണ്ണിയെണ്ണി പറയാൻ തുടങ്ങി. "ഒന്ന് നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു ഞാനല്ലാതെ മറ്റൊരുദൈവം നിനക്കുണ്ടാകരുത്" (തുടരും)






# A Journey to Easter

**Fr. Joyal Anjilithoppil MST**

The season of lent invites us to purify ourselves alongwith the suffering of Jesus Christ, the redeemer of the sinful world. “Who gave himself for our sins to set us free from the present evil age, according to the will of our God and father” (Gal 1:4). It is a spiritual journey of the faithful along with Jesus Christ. Why do we take lent? When we face this question, the answer is: because evil exists in the world, indeed, sin which according to the scripture is the profound cause of all evil. In this season, we have to ask God to strengthen us to keep ourselves away from sin and its inclinations. “Do no evil, and evil will never overtake you. Stay away from wrong, and it will turn away from you” (Sirach 7:1-2) and carry the crossby following Christ in order to become his disciple. “If any want to become my followers, let them deny themselves and take up their cross and follow me” (Mt 16:24).

Let us also get strengthened by the Holy Spirit to fight against the evil as Jesus Christ was guided by the Holy Spirit, when he was tempted by evil in the wilderness. "Jesus, full of the Holy Spirit, returned from the Jordan and was led by the Spirit in the wilderness" (Lk 4:1). We also will be tempted in various ways. And it is true that the temptation and its strain will bring out the depth of our character and strength of our spiritual life. "Blessed is anyone who endures temptation. Such a one has stood the test and will receive the crown of life that the Lord has promised to those who love him" (Jas 1:12). As we start our journey to Easter, we must keep us pure and accept the grace of God for it is a "time of grace" (2 Cor 6:2).

The season of lent also gives us once again an opportunity to reflect upon the heart of Christian life that is charity. "Let us be concerned for each other, to stir a response in love and good works" (Heb10:24). Pope Francis often quotes the early Christian mystic John Chrysostom who said: "No act of virtue can be great if it is not followed by advantage for others. So, no matter how much time you spend fasting, no matter how much you sleep on a hard floor and eat ashes and sigh continually, if you do no good to others, you do nothing great". Even today, God asks us to take care of others, to establish relationships based on mutual acceptance, and attentiveness to the well-being of others. "Those who despise their neighbors are sinners, but happy are those who are kind to the poor" (Prov.14:21). Pope Francis says in his message on 4$^{th}$ October 2014, "when we are healthy and comfortable, we forget about others (something God the Father never does), we are unconcerned with their problems, their sufferings and the injustices they endure… Our heart grows cold. As long as I am relatively healthy and comfortable, I don't think about those less well off. Today, this selfish attitude of indifference has taken on global proportions, to the extent that we can speak of a globalization of indifference. It is a problem which we, as Christians, need to confront". It is the time that we can respond positively by looking at others with mercy as Lord our God is merciful towards us. We can extend our help to the needy. We must pray to God for being capable to know the pain and need of the people who are living around us and to throw our support as much as possible. "Whoever is kind to the poor lends to the Lord, and will be repaid in full" (Prov.19:1).

Let us approach Easter by making us anew. "See that you have stripped off the old self with its practices" (Col 3:9b). It is the time to repent of our sin for Jesus says"unless you repent, you will all perish just as they did" (Lk 13:5). God calls us near to him for making us pure and holy. "I will cleanse them from all the guilt of their sin against me, and I will forgive all the guilt of their sin and rebellion against me" (Jer 33:8). We have to walk to our Lord on the cross by giving up evil practices just as the people of Nineveh had done. (Jon 3:6-10). We must acknowledge that Jesus carries our pains and sorrows and he has given up his life on the cross to save us. "Surely, he has borne our infirmities and carried our diseases" (Isa 53:4). As we get closer to Easter, let us contemplate the passion, crucifixion and death of our Lord and intently pray to him to make us clean and a person with a heart which is attentive stable and merciful. "Blessed are the pure in heart, for they will see God" (Mt 5:8).






# ദൈവം വിളിക്കുന്നു


**ഫാ. ഷിബു പുളിക്കൽ**
റെക്ടർ, സെന്റ് തോമസ് മൈനർ സെമിനാരി,
കല്യാൺ രൂപത


ഈശോയുടെ കുരിശുമരണത്തിനു ദൃക്സാക്ഷിയായ ശതാധിപൻ പറഞ്ഞു: "സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു" (മർക്കോ 15,39). ശതാധിപൻ ഈശോയിൽ ദൈവത്തെ ദർശിച്ചു.

അപരനിൽ ദൈവത്തെ കാണാൻ നമുക്ക് സാധിക്കുന്നുണ്ടോ? നമ്മുടെ മുഖത്ത് നോക്കുന്നവർക്ക് ദൈവികമായ ചൈതന്യം ദർശിക്കാൻ സാധിക്കുന്നുണ്ടോ? നമ്മെ കണ്ടിട്ട് നമ്മുടെ പ്രവൃത്തികൾ കണ്ടിട്ട് ദൈവത്തെ മറ്റുള്ളവർ മഹത്ത്വപ്പെടുത്തുന്നുണ്ടോ?

ജോസ് വെട്ടിക്കാട്ട് അച്ചന്റെ *ചൂണ്ടുവിരൽ* എന്ന പുസ്തകത്തിലെ ഒരു സംഭവം....

ആദ്യവെള്ളിയാഴ്ചയിലെ ഒരു പരിപാടിയിൽ പങ്കെടുക്കാനാണ് അച്ചൻ ആ പള്ളിയിലെത്തി




യത്. വൈകുന്നേരം 6 മണി മുതൽ പിറ്റേന്ന് രാവിലെ 5 മണിവരെയുള്ള ശുശ്രൂഷകൾക്ക് അച്ചനാണ് നേതൃത്വം കൊടുക്കുന്നത്. ഒരു മണിക്കൂർ മുമ്പുതന്നെ എത്തിയതുകൊണ്ട് നേരത്തെതന്നെ പള്ളിയിൽ എത്തിയ ചിലർ അച്ചനുമായി സംസാരിക്കാനെത്തി. 'മാനെ നൊബിസ്ക്കും ദോമിനെ' (കർത്താവേ ഞങ്ങളോടുകൂടെ വസിക്കണമേ) രണ്ടു പ്രാവശ്യം വായിച്ചു തീർത്തെന്ന് കരിസ്മാറ്റിക്കുകാരായ ഒരു ചേട്ടനും ചേച്ചിയും അച്ചനെ അറിയിച്ചു. പരിശുദ്ധ കുർബാനയെക്കുറിച്ചുള്ള മാർപാപ്പായുടെ പ്രബോധനംപോലും അവർ വായിച്ചു കഴിഞ്ഞത്രേ. ആത്മീയതയിൽ അവർ അത്രമാത്രം വളർന്നുകഴിഞ്ഞു. രാത്രിയിലെ ശുശ്രൂഷകൾക്കുശേഷം 5 മണിക്കുള്ള സമാപന കുർബാന മുതൽ മഴ ചാറി തുടങ്ങി. കുർബാന കഴിഞ്ഞു. മഴ മാറിയിട്ടില്ല. ആരുംതന്നെ കുട കൊണ്ടുവന്നിരുന്നില്ല. വാഹനങ്ങളിൽ വന്നവർ നൂറുമീറ്റർ അകലെ റോഡിലാണ് വാഹനം പാർക്ക് ചെയ്തിരിക്കുന്നത്. അവരൊക്കെ വണ്ടിയുടെ അടുത്തേക്ക് ഓടുന്നുണ്ട്. അച്ചനെ ബസ്സ്റ്റാൻഡിലെത്തിക്കാൻ സമ്മതിച്ചയാൾ കുടയുമായെത്തി. അദ്ദേഹത്തോടൊപ്പം കാറിനടുത്തെത്തി. അതിനോട് ചേർന്നു കിടക്കുന്ന കാറിലേക്ക് ഒരു സ്ത്രീയും ഭർത്താവും ഓടിവന്നു കയറുന്നതും 'തിരിഞ്ഞ് നോക്കണ്ടാ വേഗം കയറ്, വണ്ടിവിട്' എന്നു പറയുന്നതും കേട്ടു. അച്ചൻ നോക്കിയ ആ കാറിൽ കയറാനായി ഒരു ചേട്ടത്തിയും ചേട്ടനും രണ്ട് കുട്ടികളും മഴ നനഞ്ഞ് ഓടിവരുന്നു. ആ സ്ത്രീയും ഭർത്താവും കയറിയ കാറിനെ നോക്കി അവർ വിളിക്കുന്നുണ്ടായിരുന്നു. പക്ഷേ ആ കാർ നിന്നില്ല നനഞ്ഞോടി വന്നവർ പാതിവഴിയിൽ. 'നമുക്കിവരെ ഈ വണ്ടിയിൽ കയറ്റിയാലോ' അച്ചൻ ചോദിച്ചു. "കയറ്റമായിരുന്നച്ചാ, പക്ഷേ അവർക്ക് പോകേണ്ടത് നേരെ മറുവഴിക്കാ മൂന്നാലു കിലോമീറ്റർ പോകണം. നേരത്തെ പോയ ആളിന്റെ അടുത്താ ഇവരുടെ വീടും ഇവരു വിളിച്ചത് അവർ കേട്ടില്ലെന്നു തോന്നുന്നു".

കാറിൽ കയറി ബസ്സ്സ്റ്റാന്റിലേക്ക് പോകുമ്പോൾ അച്ചൻ ഇങ്ങനെ ചിന്തിച്ചു. രാത്രി മുഴുവൻ ഉണർന്നിരുന്ന് തിരുവോസ്തിയിലുള്ള കർത്താവിനെ ആഞ്ഞു വിളിച്ചാരാധിച്ചു. എന്നാൽ മഴ നനഞ്ഞുവന്ന കർത്താവിനെ കണ്ടതുമില്ല!!!

തിരുവോസ്തിയിലുള്ള കർത്താവിനെ ആരാധിക്കാൻ എളുപ്പമാണ്. എന്നാൽ മഴ നനയുന്ന, വിശക്കുന്ന, നിലവിളിക്കുന്ന, ദരിദ്രനായ, നഗ്നനായ കാരാഗൃഹവാസിയായ കർത്താവിനെ നീ എന്നു തിരിച്ചറിയും? ഈ തിരിച്ചറിവിനാവശ്യമായ പരിശുദ്ധാത്മ ശക്തിക്കായി നമുക്കു പ്രാർത്ഥിക്കാം. അപരനിലൂടെ ദൈവമാണ് പല ആവശ്യങ്ങൾക്കായി നമ്മെ സമീപിക്കുന്നതെന്ന് തിരിച്ചറിയാം.

*"കാരുണ്യമാണ് സഭയുടെ ജീവിതത്തിന്റെ അടിസ്ഥാനം. അവളുടെ അജപാലന പ്രവർത്തനമൊക്കെയും വിശ്വാസികൾക്ക് അവൾ സന്നിഹിതമാക്കുന്ന ദയാവായ്പിൽ നെയ്തതായിരിക്കണം."*

*കാരുണ്യത്തിന്റെ മുഖം, 10*



# സ്വർഗ്ഗത്തിലേക്കുള്ള ഗോവണി

**ഫിലോ കുറ്റിയാത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

കഴിഞ്ഞ ദിവസം ഹോസ്പിറ്റലിൽ മരുന്നു വാങ്ങാനായി കാത്തുനിൽക്കവേ രണ്ടു വ്യക്തികളുടെ സംഭാഷണം കേൾക്കുവാനിടയായി. ഒരാൾ പറയുന്നു: "എടോ താൻ പള്ളീപ്പോക്കു തുടങ്ങിയതിൽ പിന്നെ ആശുപത്രിയിൽ നിന്നും ഇറങ്ങാൻ നേരമില്ലല്ലോ... ഞങ്ങളാണെങ്കിൽ പള്ളീപ്പോക്കുമില്ല, കാര്യമായിട്ടു ആശുപത്രിയിൽ കയറ്റവുമില്ല". മരുന്നു കിട്ടിയതുകൊണ്ട് തുടർന്നുള്ള സംഭാഷണം കേൾക്കാൻ നില്ക്കാതെ ഞനവിടെനിന്നു പിൻവാങ്ങി. പോരുന്നവഴിക്ക് ഇതെന്നെ വളരെയേറെ ചിന്തിപ്പിച്ചു. പള്ളിയും ആശുപത്രിയുമായി എന്തു ബന്ധം? ജീവിതത്തിൽ രോഗങ്ങളുണ്ടാകുന്നത് കർത്താവുമായി കൂടുതൽ അടുക്കുന്നവർക്കാണോ? ഈശോയുമായി കൂടുതൽ അടുക്കുന്തോറും സഹനങ്ങൾ കൂടുതൽ അനുവദിക്കുന്നതും അതിലൂടെ വിശുദ്ധീകരിക്കുന്നതും പല വിശുദ്ധരുടെയും ജീവിതത്തിൽ




നാം കാണുന്നുണ്ട്. ഉദാഹരണത്തിന് വി. അൽഫോൻസായുടെ ജീവിതംതന്നെ എടുത്തു നോക്കിയാൽ അവൾ എത്രമാത്രം സഹിച്ചു എന്നു കാണാം. സഹനത്തിലൂടെ അവൾ മഹത്ത്വം പ്രാപിക്കുന്നു. ഈശോയുടെ ജീവിതത്തിലും നാം കാണുന്നത് ഇതുതന്നെ യല്ലേ... സഹനത്തിലൂടെ, കുരിശു മരണത്തി ലൂടെ അവിടുന്ന് പിതാവിന്റെ മഹത്ത്വത്തി ലേക്കു പ്രവേശിക്കുന്നു.

പണ്ടു കേട്ട ഒരു കഥ ഓർമ്മ വരുന്നു....

കുറെപ്പേർ തങ്ങളുടെ കുരിശുമെടുത്ത് തീർത്ഥാടനം പോകുന്നു. ഇടയ്ക്കുവച്ച് അതി ലൊരാൾ തന്റെ കുരിശിന്റെ ഭാരം അല്പ മൊന്നു കുറച്ചു തരണമെ എന്ന് കർത്താവി നോടപേക്ഷിച്ചു. അവസാനം കർത്താവ് കുരി ശിന്റെ നീളം അല്പം കുറച്ചു കൊടുക്കുന്നു. വീണ്ടും മുന്നോട്ടു നീങ്ങി. പക്ഷേ കുരിശിനു വലിയ ഭാരം വീണ്ടും അയാൾക്ക് അനുഭവ പ്പെട്ടു. അയാൾ പ്രാർത്ഥിച്ചു. വീണ്ടും കുരി ശിന്റെ നീളം കർത്താവ് കുറച്ചുകൊടുക്കുന്നു. പലപ്രാവശ്യം അപ്രകാരം ചെയ്തു. അങ്ങനെ ഭാരം കുറഞ്ഞ കുരിശുമായി സന്തോഷത്തോടെ അയാൾ നീങ്ങുമ്പോൾ മുമ്പിൽ അഗാധമായ ഒരു ഗർത്തം പ്രത്യക്ഷപ്പെടുന്നു. കൂടെ ഉണ്ടാ യിരുന്നവരെല്ലാം തങ്ങളുടെ കൈയിലെ കുരിശ് വിലങ്ങനെവച്ച് അതിലൂടെ കടന്ന് അക്കരെ എത്തുന്നു. എന്നാൽ ഭാരം കുറയ്ക്കു വാനായി നീളം കുറച്ച കുരിശുമായി ചെന്ന ആ മനുഷ്യൻ തന്റെ കുരിശ് ആ ഗർത്തത്തിന് അപ്പുറമിപ്പുറം എത്തുന്നില്ല എന്ന സത്യത്തിനു മുമ്പിൽ പകച്ചു നില്ക്കുന്നു.

ഇതൊരു കഥയാണെങ്കിലും വലിയൊരു സത്യം ഇതു വിളിച്ചോതുന്നു. സഹനത്തിലൂ ടെയാണ് നിത്യരക്ഷ എന്ന സത്യം. സന്തോ ഷത്തോടെ സ്വീകരിക്കുന്ന സഹനങ്ങൾ സ്വർഗ്ഗ ത്തിൽ നിർമ്മല പുഷ്പങ്ങളായി വിരിഞ്ഞ് നമ്മെ സ്വീകരിക്കാൻ അവിടെ കാത്തുനില്ക്കും. നമ്മുടെ ജീവിതത്തിലെ ചെറുതും വലുതുമായ സഹനങ്ങൾ നിത്യരക്ഷയുടെ ഉപാധിയായി കണ്ടുകൊണ്ട് സന്തോഷത്തോടെ സ്വീകരി ക്കാം. സഹനത്തിലൂടെ, ത്യാഗത്തിലൂടെ സ്നേഹം പുഷ്പിക്കുന്നു. ഈശോയുടെയും വിശുദ്ധരുടെയും സഹനങ്ങൾ ധ്യാനിച്ചു കൊണ്ട് സ്വർഗ്ഗത്തിൽ അനേകപുഷ്പങ്ങൾ നമുക്കു വിരിയിക്കാം.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കു വയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമ ക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**

Laudato Si - 5



# സാങ്കേതിക വിദ്യയും ധാർമ്മിക മൂല്യങ്ങളും

ഫാ.സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ വി.സി.
വിൻസെൻഷ്യൻ പ്രൊവിൻഷ്യൽ ഹൗസ്, കോട്ടയം

ദൈവദാനമായ മാനുഷിക സർഗശക്തിയുടെ പ്രവർത്തനങ്ങളാൽ ആധുനിക യുഗത്തിൽ ശാസ്ത്രവും സാങ്കേതിക വിദ്യയും വളരെയേറെ മാറ്റങ്ങൾക്ക് കാരണമായിത്തീർന്നിരിക്കുന്നു. മനുഷ്യരെ ദോഷകരമായി ബാധിച്ച എണ്ണമറ്റ തിന്മകളെ പ്രതിരോധിക്കാൻ പല സാങ്കേതിക വിദ്യകളും സഹായിച്ചിട്ടുണ്ട്. പ്രത്യേകിച്ച് വൈദ്യരംഗത്തും യന്ത്രസാങ്കേതിക വിദ്യാമേഖലകളിലും ആശയവിനിമയ രംഗത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതി വിലമതിക്കാനാവാത്തവയാണ്. മനുഷ്യജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിൽ പല മേഖലകളിലും നാം നിർണ്ണായക നേട്ടം കൈവരിച്ചിട്ടുണ്ട്.

അണുശക്തി, ബയോടെക്നോളജി, വിവരസാങ്കേതിക വിദ്യ, ജനിതകശാസ്ത്രം തുടങ്ങിയ നേട്ടങ്ങൾ ലോകം മുഴുവന്റെയും മേൽ മനുഷ്യന് ആധിപത്യം നൽകിയിരിക്കുന്നു. ഇവയുടെ അവിവേകപരമായ ഉപയോഗം ആളുകളെ കൊല്ലുവാനും പ്രകൃതിയെ നശിപ്പിക്കുവാനും ഇടയാകുന്നു എന്നതിനെപ്പറ്റി നാം കരുതലുള്ളവരായിരിക്കണം. ബൃഹത്തായ സാങ്കേതിക വളർച്ചയ്ക്കൊപ്പം ഉത്തരവാദിത്വങ്ങളുടെയും മൂല്യങ്ങളുടെയും മനസ്സാക്ഷിയുടെയും




തലത്തിൽ മനുഷ്യന് വളർച്ചയുണ്ടാകണം. “മനുഷ്യന് അതിർവരമ്പുകളെ തീർക്കാനും ശുദ്ധ മനസ്സാക്ഷിയിൽ ആത്മനിയന്ത്രണം പഠിപ്പിക്കാനും കഴിയുന്ന ഒരു ആത്മീയതയോ സംസ്കാരമോ നീതിശാസ്ത്രമോ ഉണ്ടെന്ന് അവകാശപ്പെടാനാവില്ല'' (LS. 105) എന്ന ദുസ്ഥിതി ഫ്രാൻസിസ് മാർപാപ്പ തന്റെ *Laudato Si* എന്ന ചാക്രികലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്.

പരിസ്ഥിതിയെയും ദരിദ്രരെയും സംബന്ധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ പര്യാപ്തമായ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തണം. കൂടുതൽ ആരോഗ്യകരവും മാനുഷികവും സാമൂഹികവും സമഗ്രവുമായ പുരോഗതിക്കുവേണ്ടിയാണ് സാങ്കേതിക ശാസ്ത്രത്തെ നാം പ്രയോജനപ്പെടുത്തേണ്ടത്. അവയുടെ സാധ്യതകളെ നിരസിക്കാതെ തന്നെ സാങ്കേതികവിദ്യയുടെ ആധിപത്യത്തിൽനിന്ന് മോചനം നേടുക എന്നതാണ് പ്രധാനപ്പെട്ട കാര്യം. അതിനായി ആധുനിക ലോകത്തിന്റെ മനുഷ്യകേന്ദ്രവാദം (Anthropocentrism) ജൈവകേന്ദ്രവാദത്തിൽ (Biocentrism) എത്തി നില്ക്കണം. “നരവംശശാസ്ത്രം കൂടാതെ പരിസ്ഥിതിശാസ്ത്രത്തിന് പ്രസക്തിയില്ല” (LS.118) എന്ന കാര്യം നാം മറന്നുകൂടാ.


ആധുനിക പാരിസ്ഥിതിക പ്രതിസന്ധിയെ ധാർമിക, സാംസ്കാരിക, ആത്മീയ പ്രതിസന്ധിയുടെ പ്രതിഫലനമായിട്ടാണ് നാം മനസ്സിലാക്കേണ്ടത്. അപരനിലേക്ക് തുറവിയുള്ളതിനാൽ മനുഷ്യർക്ക് മറ്റു സൃഷ്ടികളെക്കാൾ സവിശേഷമായ മഹത്ത്വമുണ്ട് എന്ന സത്യം നാം മറന്നുകൂടാ. അതിനാൽ “ഒരു മനുഷ്യഭ്രൂണത്തെ അതെത്രമാത്രം അസൗകര്യങ്ങളും ബുദ്ധിമുട്ടുകളും ജനിപ്പിക്കുന്നതായാലും സംരക്ഷിക്കുവാൻ പരിശ്രമിക്കാതെ, പ്രശ്നബാധിതവും അസ്വസ്ഥവും മുറിവേല്ക്കപ്പെടാവുന്നതുമായ മറ്റു ജീവികളെ സംരക്ഷിക്കണമെന്ന് നമുക്കെങ്ങനെ ആത്മാർത്ഥമായി വാദിക്കാനാവും” (LS. 120) എന്ന ചിന്തിക്കുവാൻ മാർപാപ്പാ നമ്മെ ആഹ്വാനം ചെയ്യുന്നു.

പ്രകൃതി സംരക്ഷണവും മനുഷ്യന്റെ തൊഴിലും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. കാർഷിക വേലകൾ മാത്രമല്ല, എല്ലാ മാനുഷിക പ്രവൃത്തികളും പ്രകൃതിയോട് നമ്മെ കൂടുതൽ ആദരവും കരുതലുമുള്ളവരാക്കി മാറ്റണം. തൊഴിലിലൂടെ അന്തസാർന്ന ജീവിതത്തിന് ദരിദ്രരെ പ്രാപ്തരാക്കണം. സന്ന്യാസത്തിന്റെ ആദ്യകാലം മുതൽ ആത്മീയതയും കൈവേലകളും (Ora et Labora) സംയോജിപ്പിച്ചുകൊണ്ട് സമൂഹജീവിതം നയിച്ച വി. ബനഡിക്ടും കൂട്ടരും ഇന്നു വിപ്ലവകരമായ മാതൃകതന്നെയാണ് നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

മനുഷ്യന്റെ സൃഷ്ടിപരതയും സിദ്ധികളും ഉടയുകയല്ല വേണ്ടത്, മറിച്ച് പ്രകൃതിയെ ദൈവത്തിന്റെ സൃഷ്ടി എന്ന നിലയിൽ കണ്ട് അതിന്റെ തനതു പാതയിലുള്ള വികസനത്തിന് അനുകൂലമായതു ചെയ്യുവാൻ ഇടപെടുകയാണ്. വി. ജോൺ പോൾ മാർപാപ്പ പറയുന്നതുപോലെ “ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ ഉത്തരവാദിത്വത്തോടെ പങ്കുചേരുവാനുള്ള മനുഷ്യന്റെ വിളിയുടെ മഹാത്മ്യത്തിന്റെ തെളിവാണ് ശാസ്ത്രസാങ്കേതിക പുരോഗതിയുടെ പ്രയോജനങ്ങൾ''. അതിനാൽ പരിസ്ഥിതി പ്രശ്നങ്ങളെ അറിഞ്ഞ് ഇപ്പോഴത്തെയും ഭാവിയിലെയും പൊതുനന്മയ്ക്ക് ആവശ്യമായ തീരുമാനങ്ങൾ എടുക്കുവാൻ ഗവേഷകർക്കും ശാസ്ത്രസാങ്കേതിക പുരോഗതിക്കായി പരിശ്രമിക്കുന്നവർക്കും നമുക്കോരോരുത്തർക്കും കഴിയട്ടെ.




ദൈവകാരുണ്യം കൂദാശകളിലൂടെ



# അനുരഞ്ജനകൂദാശയിലെ കാരുണ്യസ്പർശം


**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
റെക്ടർ, മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി


കരുണയുടെ അസാധാരണ ജൂബിലി പ്രഖ്യാപനത്തിന്റെ ബൂളയിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു: "ഒരിക്കൽക്കൂടി അനുരഞ്ജനശുശ്രൂഷയ്ക്ക് കേന്ദ്രസ്ഥാനം നല്കാം. ദൈവകാരുണ്യത്തിന്റെ മഹത്ത്വം കൈകൾ കൊണ്ടു സ്പർശിക്കുവാൻ ജനത്തിനു സാധിക്കത്തക്കവിധത്തിൽ അങ്ങനെ ചെയ്യാം. ഓരോ അനുതാപിക്കും അത് യഥാർത്ഥ ആന്തരിക സമാധാനത്തിന്റെ ഉറവിടമായിരിക്കും" (No. 17). ജൂബിലി വർഷത്തിൽ 'തീർത്ഥാടനത്തിന് വിശേഷസ്ഥാനമുണ്ട്' എന്നും പാപ്പാ പറയുന്നു. തീർത്ഥാടനം മാനസാന്തരത്തിനു പ്രചോദനമായിരിക്കട്ടെ എന്നും വിശുദ്ധ കവാടത്തിന്റെ പടി കടന്നുകൊണ്ട് ദൈവത്തിന്റെ കാരുണ്യം ആശ്ലേഷിക്കാനും പിതാവ് ആഹ്വാനം ചെയ്യുന്നു (14). ഇപ്രകാരമുള്ള തീർത്ഥാടനത്തിൽ സഭ ലക്ഷ്യം വയ്ക്കുന്ന ആത്മീയാനുഗ്രഹങ്ങൾ പ്രാപിക്കാൻ അനുതാപവും മാനസാന്തരവും, അതിൽനിന്നും അനുരഞ്ജനകൂദാശയുടെ സ്വീകരണവും അവശ്യഘടകമാണ്.

പാപമോചനത്തിന്റെയും അനുരഞ്ജനത്തിന്റെയും ശുശ്രൂഷയുമായിട്ടാണ് ദൈവപുത്രൻ സമാഗതനായത് എന്നു വിശുദ്ധ ഗ്രന്ഥം സാക്ഷിക്കുന്നു – 'ഞാൻ വന്നിരിക്കുന്നത് പാപികളെ തേടിയാണ്. നീതിമാന്മാരെ അന്വേഷിച്ചല്ല'. നഷ്ടപ്പെട്ട ഒന്നിനാണ് ആലയത്തിലുള്ള തൊണ്ണൂറ്റിയൊമ്പതിനെക്കാൾ ദൈവത്തിന്റെ കരുണാർദ്രസ്നേഹം നല്കപ്പെടുന്നത്. മനുഷ്യപുത്രൻ ഉയർത്തപ്പെടുമ്പോൾ സകലരെയും തന്നിലേക്ക് ആകർഷിക്കുമെന്ന ഈശോയുടെ വചസ്സുകൾ അവിടുത്തെ ജീവി




താർപ്പണത്തിന്റെ ലക്ഷ്യം വ്യക്തമാക്കുന്നതാണ്. കാരുണ്യവാനായ കർത്താവിന്, ലോകപാപങ്ങൾ വഹിക്കുന്ന കുഞ്ഞാടിന്, വഴിയൊരുക്കിയ യോഹന്നാൻ മാംദാന അനുതാപത്തിന്റെയും അനുരഞ്ജനത്തിന്റെയും പാതയാണ് കാട്ടിത്തന്നത്. ഈശോയുടെ പരസ്യജീവിതത്തിന് ആമുഖമായി വി. മത്തായിശ്ലീഹാ പറയുന്നു: "അന്ധകാരത്തിൽ സ്ഥിതി ചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു. മരണത്തിന്റെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു" (4,16). വലിയ പ്രകാശമായ ഈശോയുടെ പ്രസംഗം ആരംഭിക്കുന്നത് മാനസാന്തരത്തിന്റെ സന്ദേശവുമായാണ് (4,17). പാപത്താൽ മരണത്തിന്റെ മേഖലയിലും നിഴലിലും കഴിഞ്ഞിരുന്നവർക്ക് അനുതാപത്തിന്റെ, മാനസാന്തരത്തിന്റെ പാതയിലൂടെ ഈശോയിൽ പ്രകാശം ലഭിച്ചു. പത്രോസ്ശ്ലീഹാ തന്റെ പ്രഥമ സുവിശേഷ പ്രഘോഷണത്തിൽ ജനത്തെ ആഹ്വാനം ചെയ്യുന്നത് അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കുമാണ്.

ദൈവരാജ്യാനുഭവത്തിന് മാനസാന്തരവും അനുരഞ്ജനവും കൂടിയേ തീരൂ. കാരണം സമ്പന്നനായ ദൈവപുത്രന്റെ ശുശ്രൂഷാനിർവഹണത്തിനായി നിയുക്തയായിരിക്കുന്ന സഭയിൽ അവിടുന്ന് നിക്ഷേപിച്ചിരിക്കുന്ന കരുണയുടെ ഏറ്റം വലിയ രഹസ്യമാണ് അനുരഞ്ജനകൂദാശ. നല്കിയ നന്മകളെല്ലാം നഷ്ടമാക്കിയശേഷം തിരികെയെത്തിയ പുത്രനെ ന്യായാധിപന്റെ നീതിയെ വെല്ലുന്ന സ്നേഹനിധിയായ പിതാവിന്റെ കരുണാർദ്രസ്നേഹം ആശ്ലേഷിച്ചു സ്വീകരിച്ചു; പാപത്തിന്റെ കറകളെ തന്റെ കാരുണ്യത്തിന്റെ കണ്ണീരിൽ കഴുകി ശുദ്ധീകരിച്ചു. അവന്റെ ദാരിദ്ര്യത്തെ തന്റെ സ്നേഹസമ്പന്നതയാൽ ഉന്മൂലനം ചെയ്തു. ഈ സ്നേഹാനുഭവമാണ്, പിതൃമുഖദർശനമാണ്, ഈ പിതൃപുത്രസമാഗമമാണ് അനുരഞ്ജനകൂദാശയിൽ ഇന്നും യാഥാർത്ഥ്യമായിത്തീരുന്നത്. ദൈവകാരുണ്യത്തിന്റെ കൂദാശയാണത്.

നോമ്പുകാലത്തിന്റെ ത്യാഗാഗ്നിയിലും അനുതാപക്കണ്ണീരിലും ജീവിതശുദ്ധി നേടുവാൻ പരിശ്രമിക്കുമ്പോൾ അത് എത്തിനില്ക്കേണ്ടത് അനുരഞ്ജനകൂദാശയിലാണ്. നോമ്പുകാലം മനുഷ്യപാപപരിഹാരാർത്ഥമുള്ള ദൈവത്തിന്റെ ആത്മസമർപ്പണമാണ് ധ്യാനവിഷയമാക്കുക. മനുഷ്യകുലത്തിന്റെ പാപത്തിന്റെ ഭാരവും അതിന്റെ ഫലമായ ദൈവത്തിന്റെ സഹനരഹസ്യങ്ങളും ഇവിടെ നാം അനുസ്മരിക്കുന്നു. കുരിശിൽ പൂർത്തിയാക്കിയ പാപപരിഹാരബലിയുടെ പൂർണഫലമാണ് അനുരഞ്ജനകൂദാശയിൽ നാം പ്രാപിക്കുന്നത്. ക്രൂശിതന്റെ രക്തത്തിന്റെ ഫലമാണ് പാപമോചനം. നമ്മുടെ പരിശുദ്ധ കുർബാനയുടെ പ്രാർത്ഥനകൾ അത് ആവർത്തിച്ച് സ്മരിക്കുന്നുണ്ട്.

കാരുണ്യവർഷത്തിൽ മാർപാപ്പാ ആഹ്വാനം ചെയ്യുന്നതുപോലെ ദൈവത്തിന്റെ കരുണയുടെ മുഖദർശനം അനുരഞ്ജനകൂദാശയിൽ അനുഭവിക്കുവാൻ കഴിയും. അനുരഞ്ജനകൂദാശവിട്ട് അനുഭൂതിദായകമായ ക്ഷമയുടെയും ആന്തരികസൗഖ്യത്തിന്റെയും പുത്തൻ പദ്ധതികൾ പലയിടങ്ങളിലും വചനപ്രഘോഷണ കേന്ദ്രങ്ങൾ ഉയർത്തുമ്പോൾ തകർക്കപ്പെടുന്നത് അനുഗ്രഹത്തിന്റെ അതിരുകളില്ലാത്ത നീർച്ചാലായ അനുരഞ്ജനകൂദാശയുടെ പവിത്രകൂടാരമാണെന്ന് അനുഭവം സാക്ഷിക്കുന്നു. നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു എന്ന ദിവ്യനാഥന്റെ "ശുദ്ധീകരണ വചനത്തെ"ക്കാൾ മാനസിക സ്വാതന്ത്ര്യം പ്രദാനം ചെയ്യുന്നത് മനുഷ്യവചസുകൾക്കാണ് എന്ന് ഇക്കൂട്ടർ ധരിച്ചുവശാകുന്നു.

കർത്താവിന്റെ അനുഗ്രഹദായകവചസ്സുകളുടെ പ്രഘോഷണം മാനുഷിക വൈദഗ്ധ്യത്തോടെ നടത്തുമ്പോൾ വൈകാരിക അനുഭവങ്ങൾ പ്രദാനം ചെയ്യപ്പെടാം. എന്നാൽ അവ പാപമോചനത്തിന്റെ തിരുവചനങ്ങൾ അവിടുത്തെ മൗതികശരീരമായ സഭ നമ്മുടെ കർത്താവിന്റെ അധികാരത്തോടെ ചെയ്യുന്ന അനുരഞ്ജനകൂദാശയ്ക്കു പകരമാവില്ല. പാപത്തിന്റെ ഏറ്റുപറച്ചിൽ നടത്തുന്നവരോട് അതിന്റെ വിശദാംശങ്ങൾ അന്വേഷിക്കാതെ ക്ഷമിക്കുന്നതിൽ അത്യുദാരനും മടുപ്പു തോന്നാത്തവനുമായ അവിടുന്നു ക്ഷമിക്കുന്നു. എന്നു മാത്രമല്ല, സമാധാനത്തോടെ പോകുവാൻ അനുഗ്രഹം നല്കുന്നു. മോചനം നല്കുന്ന കൂദാശ മാത്രമല്ല, സമാധാനദായകമായ കൂദാശകൂടിയാണിത്.

കാരുണ്യവർഷത്തിന്റെ ഏറ്റം വലിയ കാരുണ്യാനുഭവവേദി ഈ ദിവ്യകൂദാശതന്നെ.

# രക്തസാക്ഷികൾ....ഞങ്ങൾ....



**ജിജി പുല്ലത്തിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

## കൊളോണിലെ വിശുദ്ധ ജോണും സഹരക്തസാക്ഷികളും

“കണ്ടോ സിസ്റ്ററാന്റീ വാട്ട്സാപ്പിലെ വിശ്വാസ ചിത്രങ്ങൾ”

“കാണിച്ചേ മോനേ...........”

ടച്ച് ഫോണിൽ ടച്ച് ചെയ്ത് മത്തായിക്കുഞ്ഞ് കാര്യങ്ങൾ ഞങ്ങളെ കാണിച്ചു....

അവൻ പറഞ്ഞു. ഇതാണ് ഒന്നാം രംഗം; ഐ.എസ് ഭീകരൻ ഒരുക്കിയ “കഴുമരത്തിലെ തൂക്കുകയറിനെ നോക്കി പുഞ്ചിരിക്കുന്ന ക്രിസ്ത്യാനി.....”

രണ്ടാം രംഗം; “കഴുത്തിൽ തൂക്കുകയർ മുറുക്കിയപ്പോൾ സന്തോഷത്തോടെ കൈ വീശി ഈ ലോകത്തോടു യാത്ര പറയുന്ന ക്രിസ്ത്യാനി....”

മൂന്നാം രംഗം; “കഴുമരത്തിൽ തൂങ്ങികിടക്കുന്ന ക്രിസ്ത്യാനി....”

ചലനമറ്റുപോയി ഞങ്ങൾ!!! ഇറാക്കിലെ ക്രിസ്ത്യാനികളുടെ വിരോചിതവിശ്വാസം എന്നെ വല്ലാതെ ടച്ച് ചെയ്തു. ഇതല്ലേ വിശ്വാസം.

ആ ചിത്രത്തിലേക്ക് ഒന്നുകൂടി നോക്കാൻ പോലും ശക്തിയില്ലാതെ നിൽക്കുമ്പോൾ

മത്തായിക്കുഞ്ഞ് പറഞ്ഞു, മരിയപോൾ അടുത്ത രംഗം വരച്ചിട്ടുണ്ട് ഫെയ്സ്ബുക്കിൽ ഇടാൻ.

മത്തായിക്കുഞ്ഞ് ആ ചിത്രവും ഞങ്ങളെ കാണിച്ചു.

കഴുമരത്തിലെ ക്രിസ്ത്യാനിയെ മാറോട് ചേർത്ത് ഈശോ കിരീടം ധരിപ്പിക്കുകയാണ്. സ്വർഗ്ഗീയ വൃന്ദം മുഴുവൻ ഗാനാലാപനത്തോടെ അണിനിരന്നിരിക്കുന്നു....

ഒന്നും മിണ്ടാനാവാതെ നിന്നപ്പോൾ ശാലോം ടൈംസ് കാണിച്ചുകൊണ്ട് മരിയമോളുടെ അനിയത്തി അന്നമോൾ പറഞ്ഞു: "പ്രതീക്ഷയുടെ പൂമൊട്ടിൽ ഇപ്രാവശ്യം രക്തസാക്ഷികളെപ്പറ്റി എഴുതിയാൽ മതി... കണ്ടോ ആ വിശുദ്ധരെ. ഇവരെപ്പറ്റി എഴുതിയാൽ മതി"

മോളൊന്നു വായിച്ചേ...

എല്ലാവരുടെയും നടുവിലിരുന്ന് അന്നമോൾ വായിക്കാൻ തുടങ്ങി....

1572 ജൂലൈ ആറാം തീയതി കാൽവനിസ്റ്റ് തീവ്രവാദികൾ പിടിച്ചുകൊണ്ടുവന്ന 19 തടവുകാരെ ഹോളണ്ടിലെ ഗോർക്കം തടവറയിൽനിന്ന് ഡോഷ്ട്രെയിലെ തടവറയിലേക്ക് മാറ്റുകയാണ്. ദിവ്യകാരുണ്യത്തിലുള്ള ഈശോയുടെ സാന്നിധ്യം തള്ളിപ്പറഞ്ഞില്ല എന്നതാണ് ഈ 19 പേരുടെയുംമേൽ ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റം. കാൽവരിയാത്രയെ അനുസ്മരിപ്പിക്കുന്ന ആ യാത്രയിൽ ഈശോയുടെ പുരോഹിതരായിരുന്നു കുറ്റോരാപിതരായി അവിടുത്തെ സ്ഥാനത്ത് നിന്നത്. 18 പേരാണ് യഥാർത്ഥത്തിൽ ആ സംഘത്തിൽ ഉണ്ടായിരുന്നത്. എന്നാൽ സഹപുരോഹിതർ തടവിലായ വിവരം അറിഞ്ഞ് കൂദാശകളിലൂടെ അവരെ ശക്തിപ്പെടുത്തുന്നതിനായി ഡൊമിനിക്കൻ വൈദികനായ ജോൺ അവരുടെ ഇടയിലേക്ക് രഹസ്യത്തിൽ കടന്നുവന്നു. സ്വന്തം ഇടവകയുടെ സുരക്ഷിതത്വം വെടിഞ്ഞ് സഹവൈദികരെ തേടിവന്ന ജോണിന്റെ ശുശ്രൂഷയ്ക്ക് പക്ഷേ ആയുസുണ്ടായില്ല. ജോൺ കണ്ടുപിടിക്കപ്പെട്ടു. 19-ാമത്തെ തടവുകാരനായി ജോൺ മാറി. ക്രൂരമായ മർദ്ദനം... ശേഷം ദിവ്യകാരുണ്യത്തെ തള്ളിപ്പറയുന്നോ എന്ന ചോദ്യം. 'ഇല്ല' എന്ന ഉത്തരം ഉയരുന്ന മാത്രയിൽ വീണ്ടും മർദ്ദനം.... പത്ത് ദിവസമായി തുടരുന്ന പീഡനത്തിന്റെ പരമപദമായിരുന്നു ആ 'കാൽവരിയാത്ര'.

പുരോഹിതരെ പീഡിപ്പിക്കുന്ന രംഗം അടുത്തുനിന്ന് കണ്ട് രസിക്കാനായി ജനങ്ങൾ തിക്കിത്തിരക്കി. പലരും പണം കൊടുത്താണ് ആ 'ഷോ' കണ്ടത്. പീഡനങ്ങൾതന്നെയാണ് ഡോഷ്ട്രെ തടവറയിലും പുരോഹിതരെ കാത്തിരുന്നത്. ദിവ്യകാരുണ്യത്തിലുള്ള വിശ്വാസവും മാർപാപ്പായോടുള്ള വിധേയത്വവും ഉപേക്ഷിക്കണമെന്ന് ശത്രുക്കൾ ആവശ്യപ്പെട്ടു. വഴങ്ങുന്നില്ലെന്ന് കണ്ടപ്പോൾ പീഡനം തുടർന്നു. ക്ഷമയോടെയുള്ള ആ സഹനം പീഡകരെ കൂടുതൽ പ്രകോപിതരാക്കി. കർത്താവിന്റെ കിരീടത്തിനായുള്ള ജോണിന്റെയും സഹവൈദികരുടെയും ഓട്ടം ജൂലൈ ഒൻപതാം തീയതി അവസാനിച്ചു. ക്രൂരമായ രീതിയിൽ അംഗഭംഗം വരുത്തിയശേഷം ജോണിനെയും സഹവൈദികരെയും ശത്രുക്കൾ തൂക്കിലേറ്റി. രക്തസാക്ഷിത്വത്തിലൂടെ മകുടം ചൂടിയ ഈ ജീവിതങ്ങൾ വിശുദ്ധമായി 1865-ൽ പയസ് ഒൻപതാമൻ മാർപാപ്പ ഔദ്യോഗികമായി പ്രഖ്യാപിച്ചു.

വായനയ്ക്കിടയ്ക്ക് ഇറാക്കിലെ ക്രിസ്ത്യാനികൾ അനുഭവിക്കുന്ന അതിക്രൂരമായ പീഡനചിത്രങ്ങൾ ഇന്റർനെറ്റിലൂടെ കിട്ടിയത് മത്തായിക്കുഞ്ഞ് കാണിച്ചുകൊണ്ടേയിരുന്നു. അതിദാരുണമായ പീഡകൾ കണ്ടപ്പോൾ ഹൃദയപൂർവ്വം പ്രാർത്ഥിച്ചുപോയി.... ഈശോയുടെ അതിദാരുണമാം പീഡാസഹനങ്ങളെയോർത്തെന്നും പിതാവേ, ഞങ്ങളുടെയും ലോകംമുഴുവന്റെമേൽ കരുണയുണ്ടാകണമേ.

പ്രതീക്ഷയുടെ പൂമൊട്ടുകൾ



# നീ യഥാർത്ഥ വിശ്വാസിയോ?

സ്റ്റെഫി മംഗലത്തുകുന്നേൽ

"കർത്താവേ നിന്റെകൂടെ കാരാഗൃഹത്തിൽ വരെ പോകാനും മരിക്കാൻതന്നെയും ഞാൻ തയ്യാറാണ്" (ലൂക്കാ 22,33). തന്റെ പ്രിയപ്പെട്ട ഗുരുനാഥനോടുള്ള സ്നേഹം നിറഞ്ഞുകവിഞ്ഞ പത്രോസിന്റെ ഹൃദയത്തിൽ നിന്നും ഒഴുകിയ ഈ വാക്ധോരണി ഏതാനും മണിക്കൂറുകൾക്കുശേഷം "ഞാൻ അവനെ അറിയുകയില്ല" (ലൂക്കാ 22,57) എന്ന മൂന്നു വാക്കുകളായി ചുരുങ്ങി.

കാനായിൽ പ്രവർത്തിച്ച ആദ്യ അത്ഭുതം തൊട്ട് ഈശോയുടെ എല്ലാ അത്ഭുത പ്രവർത്തനങ്ങൾക്കും സാക്ഷികളായവരാണു ശ്ലീഹന്മാർ. രൂപാന്തരീകരണം പത്രോസിൽ നിസ്സാര അനുഭവമൊന്നുമല്ല ഉളവാക്കിയതെന്ന് നമുക്കറിയാം. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു" (മത്താ 16,16) എന്ന വാക്കുകൾ പത്രോസിന് ഈശോയിലുണ്ടായിരുന്ന വിശ്വാസത്തിന്റെ ആഴം വ്യക്തമാക്കാൻ പോരുന്നവയായിരുന്നു. ഗലീലിക്കടലിൽ വലവീശിക്കൊണ്ടിരുന്ന, അക്ഷരജ്ഞാനം പോലുമില്ലാതിരുന്ന മുക്കുവനെ ഈശോയുടെ സാന്നിധ്യം കേപ്പായാക്കി മാറ്റി. അവനിലൂടെയും ഈശോ അത്ഭുതങ്ങൾ പ്രവർത്തിച്ചു.




"കർത്താവേ നിന്റെ നാമത്തിൽ പിശാചുക്കൾ പോലും ഞങ്ങൾക്കു കീഴ്പ്പെടുന്നു" (ലൂക്കാ 10,17). ശ്ലീഹന്മാരുടെ ഈ ആനന്ദത്തെ "നിങ്ങളുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷിക്കുവിൻ" (ലൂക്കാ 10,20) എന്നു പറഞ്ഞുകൊണ്ട് ദിവ്യഗുരു പൂർത്തിയാക്കി. വെള്ളം വീഞ്ഞാക്കിയതുമുതൽ മരിച്ചവരെ ഉയിർപ്പിച്ചതുവരെയുള്ള അത്ഭുതങ്ങൾ ഈശോ, മിശിഹായാണെന്നു വിശ്വസിക്കാൻ ശിഷ്യരെ നിർബന്ധിച്ചു. യഹൂദരെ തെല്ലും ഭയപ്പെടാതെ ബഥാനിയായിലേക്കു പോയ ഗുരു നൽകിയ ധൈര്യമാണ് ഒലിവുമലയിൽ മാൽക്കൂസിന്റെ ചെവി ഛേദിക്കുന്നതിനു പത്രോസിനു കരുത്തുനൽകിയത്.

പക്ഷേ അതിനുശേഷം എന്താണു സംഭവിച്ചത്? അത്ഭുതങ്ങൾ പ്രവർത്തിച്ചവൻ, തങ്ങൾ ഓശാനപാടി രാജാവാക്കിയവൻ ഇതാ നിസ്സഹായനായി കുറ്റവാളിക്കുസമം യഹൂദരുടെ കൈകളിൽ... നിങ്ങൾ ഈ ദൈവാലയം നശിപ്പിക്കുക ഇതു ഞാൻ മൂന്നുദിവസം കൊണ്ടു പുനരുദ്ധരിക്കും എന്നു പറഞ്ഞവൻ, താൻ ദൈവപുത്രനാണെന്നു പറഞ്ഞവൻ, താൻ ചോദിച്ചാൽ പന്ത്രണ്ടിലധികം മാലാഖമാരെയയച്ച് പിതാവ് എന്നെ രക്ഷിക്കും എന്നുപറഞ്ഞിട്ടും -തന്നെത്തന്നെ രക്ഷിക്കാനാവാതെ മനുഷ്യന്റെ കൈകളിൽ... അവിടെ പത്രോസിന്റെ വിശ്വാസത്തിന് ഇളക്കം തട്ടിയെന്നു വേണം കരുതാൻ. അവൻ വാളെടുത്തു പ്രധാന പുരോഹിതന്റെ സേവകനെ വെട്ടി (മത്താ 26,51) എന്നുപറഞ്ഞ സുവിശേഷകൻ രണ്ടു വാക്യങ്ങൾക്കുശേഷം കൂട്ടിച്ചേർക്കുന്നു: അവന്റെ ശിഷ്യന്മാരെല്ലാവരും അവനെവിട്ട് ഓടിപ്പോയി (മത്താ 26,56). വീണ്ടും സുവിശേഷകന്മാർ വിവരിക്കുന്നു: പത്രോസ് അകലെയായി അവനെ അനുഗമിച്ചു. അവസാനം എന്തെന്നു കാണുവാൻ പരിചാരകരോടുകൂടെ ഇരുന്നു (മത്താ 26,58).

അത്ഭുതങ്ങളെ മാത്രം ആധാരമാക്കിയുള്ളതാണോ നമ്മുടെയും വിശ്വാസം? വിശ്വാസത്തിനു സാക്ഷിയാകാൻ ദൈവം നമ്മെ വിളിക്കുമ്പോൾ ഓടിയൊളിക്കാനിടയാവുന്നുണ്ടോ? നോമ്പുകാലം നമ്മെ വിളിക്കുന്നത് ഈശോയുടെ സഹനങ്ങളിൽ പങ്കുചേരുവാനാണ്. സഹനത്തിലൂടെയേ മഹത്ത്വത്തിലേക്കു പ്രവേശിക്കാനാവൂ. അനുദിന ജീവിതത്തിലെ സഹനങ്ങളെ നാം സന്തോഷത്തോടെ സ്വീകരിച്ചാൽ ദൈവസന്നിധിയിൽ നമ്മുടെ വില വലുതായി മാറും.

സഹനങ്ങളില്ലാത്ത ജീവിതമില്ല. നമുക്കു മുമ്പേ കടന്നുപോയ അനേകം വിശുദ്ധാത്മാക്കൾ സഹനത്തിലൂടെ മഹത്ത്വത്തിലേക്കു പ്രവേശിച്ചവരാണ്. സഹനങ്ങളുണ്ടാകുമ്പോൾ വിശ്വാസം കൈവെടിയാതിരിക്കാം. അപ്രതീക്ഷിതമായുണ്ടാകുന്ന രോഗങ്ങൾ, പ്രിയപ്പെട്ടവരുടെ വേർപാടുകൾ, സാമ്പത്തിക ബുദ്ധിമുട്ടുകൾ, ഒരിക്കലും സമാധാനം അനുഭവിക്കാനിടയാകാത്ത ജീവിത സാഹചര്യങ്ങൾ, നമ്മെ കരുതേണ്ടവരിൽ നിന്നുണ്ടാകുന്ന ക്രൂരമായ മാനസിക-ശാരീരിക പീഡനങ്ങൾ... ഇവയൊക്കെ നമ്മെ ദൈവത്തിൽ നിന്നകറ്റുകയല്ല, ദൈവത്തോടടുപ്പിക്കുകയത്രേ ചെയ്യേണ്ടത്.

ദൈവഹിതപ്രകാരം ജീവിക്കാനുള്ള കൃപ ദൈവം നമുക്കു തീർച്ചയായും നൽകും. നാം അതിനായി പരിശ്രമിച്ചാൽ ദൈവം നമ്മെ തീർച്ചയായും സഹായിക്കും. മൂന്നു വർഷം കൂടെക്കൊണ്ടു നടന്നിട്ടും മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞ ശിഷ്യനെ ഗുരു വെറുത്തില്ല. തന്റെ നിശ്ചയം പോലെതന്നെ അവനെ തന്റെ അജഗണത്തിന്റെ പ്രഥമ ഇടയനാക്കി, വലിയ മുക്കുവനാക്കി.

ഈ നോമ്പുകാലത്ത് സഹനങ്ങളിൽ നിന്ന് ഓടിയൊളിക്കാതെ അവയെ സ്വീകരിച്ചു രക്ഷാകരമാക്കി മാറ്റാം. ഒപ്പം ബലഹീനരായ, പാപത്തിന്റെ സ്വാധീനത്തിൽ കിടക്കുന്ന നമ്മുടെ പ്രിയപ്പെട്ടവരുടെ നേർക്ക് കരുണയുള്ളവരായിരിക്കാം. കാരണം നാമും വിശുദ്ധരൊന്നുമല്ലല്ലോ. പാപികൾ തന്നെയല്ലേ? തള്ളിപ്പറഞ്ഞ ശിഷ്യനെ ഗുരു തള്ളിക്കളഞ്ഞില്ല. അവനെ സ്നേഹപൂർവ്വം കടാക്ഷിച്ചു. ഈശോയുടെ നോട്ടം ശിഷ്യന്റെ ഹൃദയത്തെ മാനസാന്തരപ്പെടുത്തി. നമുക്കും തെറ്റുചെയ്യുന്നവരോട്, ഒരിക്കലും നന്നാവുകയില്ലെന്നു നാം വിധിക്കുന്നവരോട് കരുണ കാണിക്കാം. നമ്മുടെ കരുണ പ്രാർത്ഥനയായി ദൈവസന്നിധിയിലേക്കുയരുമ്പോൾ ദൈവം അവരുടെ ഹൃദയങ്ങളിൽ മാനസാന്തരം വരുത്തും. അങ്ങനെ ഈ നോമ്പുകാലം നമ്മുടെയും മറ്റുള്ളവരുടെയും ഹൃദയങ്ങളിൽ മാനസാന്തരത്തിന്റെ അനുഭവമുളവാക്കാൻ നമുക്കു പ്രാർത്ഥിക്കാം.




**പ്രിൻസി മൈലാടിയിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം**

പിതാവിന്റെ തിരുവിഷ്ടം നിറവേറ്റുകയാണ് എന്റെ ഭക്ഷണം എന്നു പറഞ്ഞുകൊണ്ട് കുരിശുമരം എന്ന ഭാരമേറിയതും രക്ഷാകരവുമായ തിരുഹിതം സ്നേഹപൂർവം സ്വീകരിച്ച ഈശോയെ നമുക്കു ധ്യാനിക്കാം *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**

ഗാഗുൽത്താമലയിലേക്കുള്ള യാത്രാമദ്ധ്യേ തിരുമുറിവുകളിൽനിന്നുമൊഴുകിയ രക്തത്താൽ ലോകത്തിന് തിരുരക്താഭിഷേകം നല്കിയ ഈശോയെ നമുക്കു ധ്യാനിക്കാം. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**

തന്റെ പീഡാനുഭവയാത്രയിൽ യൂദന്മാരിൽനിന്ന് നിന്ദനങ്ങളും പരിഹാസങ്ങളും ഏറ്റുവാങ്ങി, പീഡിപ്പിച്ചവർക്ക് സ്നേഹപൂർവം വിധേയനായിത്തീർന്ന ഈശോയെ നമുക്കു ധ്യാനിക്കാം.

*1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**

പീഡാനുഭവയാത്രയ്ക്കിടയിൽ തന്നെ ആശ്വസിപ്പിക്കാനെത്തിയ ഓർശ്ലേംനഗരത്തിലെ സ്ത്രീകളെ ആശ്വസിപ്പിച്ച് തന്റെ സഹനാനുഭവങ്ങൾക്കിടയിലും സഹിക്കുന്നവർക്ക് ആശ്വാസം നല്കിയ ഈശോയെ നമുക്കു ധ്യാനിക്കാം. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**

തന്റെ ജീവിതസഹനങ്ങളുടെ അന്ത്യനിമിഷത്തിൽ തന്നെ പീഡിപ്പിച്ചവരോടു ക്ഷമിച്ചുകൊണ്ട് രക്ഷണീയ കർമ്മം പൂർത്തിയാക്കിയ ഈശോയെ നമുക്കു ധ്യാനിക്കാം. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**നമുക്കു പ്രാർത്ഥിക്കാം:** ജനപദങ്ങളുടെ രാജാവും സകല മനുഷ്യരുടെയും രക്ഷകനുമായ ദൈവമേ, അവിടുത്തെ പ്രിയപുത്രനിലൂടെ ഞങ്ങളെ വീണ്ടെടുത്തു രക്ഷിച്ചല്ലോ. അവിടുന്ന് ഗാഗുൽത്തായിൽ ഞങ്ങൾക്കായി ചിന്തിയ അമൂല്യമായ തിരുരക്തത്തിന്റെയും തിരുജലത്തിന്റെയും ദിവ്യമായ അഭിഷേകം ഞങ്ങൾക്കു നല്കണമേ. അവിടുത്തെ പീഡാനുഭവ-സഹനമരണത്തെ ധ്യാനിക്കുന്ന അങ്ങേ മക്കളായ ഞങ്ങൾക്ക് രക്ഷാകരസ്നേഹം ജീവിക്കുവാനുള്ള ദാഹം എന്നും എപ്പോഴും നല്കണമേ. ആമ്മേൻ.



വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്കു നല്കണമേ

# Spirituality Centre Programme

## February

12 Social Animators

13 Social Animators & School of Bible

16 Bible Study Forum

16-27 Cenacle Gathering (Sodales & Aspirants)

27 Recollection for Oblates

## March

11 Social Animators

12 Social Animators & School of Bible

15 Bible Study Forum

15-16 Cenacle Gathering (Sodales & Aspirants)

23-27 Holy Week Retreat

RNI: KERMAL/2014/59983
Published on
24th January 2016

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)

Registered: KL/KTM/72/2015-17
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"ഉള്ളിൽ നിന്നുയരും
പ്രാർത്ഥന ദൈവത്തിൻ
സന്നിധിയിൽ ചേരും
നമ്മുടെ ഘോരകടങ്ങൾക്കും
പാപങ്ങൾക്കും പൊറുതിക്കായ്
കണ്ണീരോടെ കർത്താവിൻ
വാതിൽ മുട്ടി വിളിച്ചീടാം
അവനെന്നും - സ്തോത്രം പാടീടാം"

(നോമ്പുകാലം, തിങ്കൾ-റംശ)

Printed, Published & Owned by Annamma Kulathupurayidom, Apostolic Oblates, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 0481-2570862, E-mail: wigipress@gmail.com and Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph: 0481 2578192, E-mail: psmktm@gmailcom.
Editor: Fr. Mathew Vellanickal